# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**e-mail: dopkd.ksad@kerala.gov.in**

**www.lfa.kerala.gov.in**

**മണ്ണാർക്കാട് നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട്**

**2017-18**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി.22-168എ/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി:06.04.2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് നഗരസഭ

സർ,

വിഷയം : - മണ്ണാർക്കാട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് നഗരസഭ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി(-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 14,15എന്നിവ പ്രകാരം ).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-പികെഡി.22-168എ/2019 തീയതി –06.04.2019.

**പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2017- 18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18-10-2017 മുതൽ 11-12-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2018മുതൽ 26-12-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എസ്. പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.ശിവപ്രസാദ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എ.സുജാത | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.എം. ഗോകുൽ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.എം.കെ.സുബൈദ | 1-4-2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ. സി.മണി | 1-4-2017മുതൽ 31-5-2017വരെ |
| | ശ്രീ. ടി.പി. ടോമി (അഡീഷണൽ ചാർജ്) | 1-6-2017മുതൽ 3-11-2017വരെ |
| | ശ്രീ. ടി. ബാബു, (അഡീഷണൽ ചാർജ്) | 4-11-2017മുതൽ14-11-2017വരെ |
| | ശ്രീ. പ്രദീഷ് ജോയ്, സൂപ്രണ്ട്, ( ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 15-11-2017മുതൽ 31-3-2018വരെ |

**(സി) നിർവ്വഹണ ഉദ്യോഗസ്ഥർ**

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| മുൻസി.എഞ്ചിനിയർ | ശ്രീ. ടി.പി.ടോമി | 1-4-2017 മുതൽ 3-11-2017വരെ |
| | ശ്രീ. ടി. ബാബു | 4-11-2017 മുതൽ 9-11-2017വരെ |
| | ശ്രീ. അബ്ദുൾഅസീസ്.കെ | 10-11-2017 മുതൽ 8-12-2017വരെ |
| | ശ്രീമതി. ദീപ.ടി.ആർ | 9-12-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | ഡോ. കൃഷ്ണനുണ്ണി. പി.എസ്. | 1-4-2017 മുതൽ 24-11-2017 വരെ |
| | ഡോ.പമീല. | 25-11-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ | ഡോ. ജോഷ്ന ടി.പി.എം. | 1-4-2017 മുതൽ 31-3- |

| | | |
|---|---|---|
| ഓഫീസർ (ആയുർവേദം) | | 2018വരെ |
| വെറ്ററിനറി സർജൻ | ഡോ. സെയ്ദ് അബൂബക്കർ സിദ്ധിഖ് | 1-4-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഗിരിജ. പി. | 1-4-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. വിജയലക്ഷ്മി.എൻ | 1-4-2017മുതൽ 20-12-2017 വരെ |
| | ശ്രീമതി. ഡെയ്സി മാത്യു. | 21-12-2017 മുതൽ 31-3-2018 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ. അബൂബക്കർ എം. | 1-4-2017മുതൽ 31-3-2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മുഹമ്മദാലി.കെ | 1-4-2017മുതൽ 31-3-2018വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22-3-2017തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 31-7-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 30-8-2018 | കെ.എസ്.എ-പികെഡി.21/2002/2018 തിയതി:12-09-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12203141 |
| വരവ് | 148434212 |
| ആകെ | 160637353 |
| ചെലവ് | 131258146 |
| നീക്കിയിരിപ്പ് | 29179207 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | - | 31421000 | 31421000 | 29105027 | 2315973 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | - | 13717000 | 13717000 | 5952225 | 7764775 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | - | 674723 | 674723 | - | 674723 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 5328149 | 5328149 | 5292538 | 35611 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 3491054 | 3491054 | 3365686 | 125368 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | - | 9191328 | 9191328 | 8565370 | 625958 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | - | 3123888 | 3123888 | 2375330 | 748558 |
| സാക്ഷരത | | | - | - | - | - |
| ദുരിതാശ്വാസനിധി | | | - | - | - | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം. എ.വൈ | - | 48585298* | 48585298 | 31286958 | 17298340 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (എൻ.യു. എൽ എം.) | | - | 1555017<br>+ 17881(bank Interest) | 1572898 | 162980 | 1409918 |
| ബി ഫണ്ട് (As per Receipt and Payment) | | - | 56880 | 56880 | 56880 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4453364 | 19068000 | 23521364 | 22016674 | 1504690 |
| തനത് ഫണ്ട് | | 7378137 | 35476777 | 42854914 | 34321773 | 8533141 |

(* പി.എം. എ. വൈ വരവുകളിൽ കേന്ദ്രഫണ്ട് 20190000 രൂപയും സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതം 6730000 രൂപയും നഗരസഭയിൽ നിന്നുള്ള വിഹീതം 16310000രൂപയും ഗുണഭോക്തൃവിഹിതം 5135000രൂപയും പലിശ 76648രൂപയും സർവ്വെ ,മറ്റു ഇനങ്ങൾ എന്നിവയ്ക്കായി 143650രൂപയും ഉൾപ്പെട്ടിട്ടുണ്ട്.)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | നടപ്പാക്കാ | പൂർത്തീ |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | ത്തവ (എണ്ണം) | കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|
| 324 | 157591391 | 172 | 65436633 | 52 | 53 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56880 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 1994800 | 722 |
| വിധവാപെൻഷൻ | 14944200 | 4956 |
| വാർദ്ധക്യകാലപെൻഷൻ | 21999400 | 6637 |
| വികലാംഗപെൻഷൻ | 3035300 | 1013 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 901300 | 299 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 150000 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2018 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15741 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

2015 വർഷത്തിൽ നഗരസഭയായി മാറ്റപ്പെട്ട മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് നഗരസഭയുടെ പൂർണ്ണമായ സ്വഭാവം കൈവരിച്ചിട്ടില്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികൾ നഗരസഭയിൽ ആരംഭിച്ചിട്ടില്ല. വിവിധ സെക്ഷനുകളുടെ ഏകോപനം ഉറപ്പാക്കി ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്</u>

താഴെപ്പറയുന്ന രജിസ്റ്ററുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ

അഡ്വാൻസ് രജിസ്ററർ

ലോൺ രജിസ്റ്റർ

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ്

ഓഫീസ് ഓർഡർ

തെരുവ് വിളക്കുകളുടെ രജിസ്റ്റർ

തെരുവ് ടാപ്പുകളുടെ രജിസ്റ്റർ

ഫയലുകൾ പലതും ഭാഗികമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ ഫയലുകളിൽ മോണിറ്ററിംഗ റിപ്പോർട്ട് അടക്കം ചെയ്തിട്ടില്ല. ഫയലുകൾ സൂക്ഷിക്കുന്നതിൽ മേൽപരിശോധന നടക്കുന്നില്ല എന്നതും ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് സമർപ്പിക്കുന്നു.

<u>അക്കൗണ്ടിംഗ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും അനുബന്ധ രജിസ്റ്ററുകൾ പലതും എഴുതി സൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തു നികുതി, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് പൂർത്തീകരിക്കുന്നതിനു മുമ്പ് അനുബന്ധ രജിസ്റ്ററുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉന്നത ഉദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല.

**ആസ്തി സംരക്ഷണം**

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുന്നസമയത്തു തന്നെ ഉപയോഗപ്പെടുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2015 | 1-9-2015 മുതൽ 30-9-2015വരെ | 18-11-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-11-2018 മുതൽ 27-11-2018 | 2013-14 to 2016-17 | ലഭ്യമായിട്ടില്ല. |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 മുൻസിപ്പാലിറ്റി ബഡ്ജറ്റ്-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം (സെക്ഷൻ 285 മുതൽ293 വരെ കാണുക) ജനവരി 15 മുമ്പ് അടുത്ത സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ എസ്റ്റിമേറ്റ് സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണം.എന്നാൽ സെക്രട്ടറി നോൺപ്ലാൻ കണക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഘടക സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ,നഗരസഭ സെക്രട്ടറിക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടില്ല എന്ന് കാണുന്നു. ജനവരി മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നടപടികൾ ആരംഭിച്ചിട്ടില്ല. 17/03/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയതായി കാണുന്നത്. 22/03/2017 ന് ഭരണസമിതി ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. ബജറ്റിൻമേൽ വിശദ ചർച്ചനടന്നതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റ് പാസ്സാക്കിയതായി കാണുന്നില്ല. ഭരണസമിതി അംഗീകരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയഅന്തരം കാണുന്നു.വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| | ഭരണസമിതി അംഗീകരിച്ച ബജറ്റ് | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ (വാർഷിക കണക്കുകൾ പ്രകാരം) |
|---|---|---|
| മുൻബാക്കി | 1,27,79,400 | 1,22,03,141 |
| വരവ് | 61,69,67,000 | 14,84,34,212 |
| ആകെ | 62,97,46,400 | 16,06,37,353 |
| ചെലവ് | 61,78,84,000 | 13,12,58,146 |
| നീക്കിയിരിപ്പ് | 1,18,62,400 | 2,93,79,207 |

പദ്ധതി രേഖയുടെയും സെക്രട്ടറിയിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും ശേഖരിച്ച കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയത് എന്നാണിത് കാണിക്കുന്നത്. ബജറ്റ് എന്നത് വെറും വരവ് ചെലവ് കണക്കുകൾ എന്നതിലുപരി സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്.ജനവരി 15നു മുമ്പ് ഘടക സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്ത് പദ്ധതിയേതര ബജറ്റ് / പുതുക്കിയ ബജറ്റ് പ്രൊപ്പോസലുകൾ ശേഖരിക്കുന്നുവെന്നും പദ്ധതിരേഖയുടെയും സെക്രട്ടറി,വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിലാണ് കരട് ബജറ്റ് തയ്യാറാക്കുന്നതെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.മാർച്ച് ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പ്രത്യേക യോഗത്തിൽ ബജറ്റ് അവതരിപ്പിക്കുന്നുവെന്നും വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ബജറ്റ് പാസ്സാക്കുന്നുവെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 2-2 വസ്തുനികുതി സംബന്ധിച്ച അപാകതകൾ

**1. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല**

17 വാർഡുകളുണ്ടായിരുന്ന മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിനെ 01.11.2015 ലാണ് തെങ്കര ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 29 വാർഡുകളുള്ള മണ്ണാർക്കാട് നഗരസഭ രൂപീകരിച്ചത്. 1.11.2015 മുതൽ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് നഗരസഭയായിട്ടുണ്ട്. മുൻസിപ്പിൽ കൗൺസിലിന്റെ 1(2) തീയ്യതി 13.07.2016 നമ്പർ പ്രകാരം അടിസ്ഥാന നികുതി നിരക്ക് നിശ്ചയിക്കുകയും ആയത് 2016-17 സാമ്പത്തിക വർഷം രണ്ടാം അർദ്ധ വർഷം മുതൽ പുതുതായി നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. നഗരസഭാ പ്രദേശത്തെ വാർഡുകളിൽ നമ്പറിംഗ് ജോലികൾ ആരംഭ ഘട്ടത്തിലാണ്.

2.താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

എ) വാർഡ് അടിസ്ഥാനത്തിലുള്ള വസ്തുനികുതി നിർണ്ണയരജിസ്റ്റർ.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചാൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളും വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങളും ഫോറം നം.4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ രജിസ്റ്റർ മുനിസിപ്പാലിറ്റിയുടെ വാർഡ് അടിസ്ഥാനത്തിലുള്ള തായിരിക്കേണ്ടതാണ്.

ബി) ഡിമാന്റ് രജിസ്റ്റർ

ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുകയും വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം നം.8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 2017-18 വർഷം നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

A.ഫോറം 6 ലുള്ള വിവരശേഖരണം നടത്തുന്ന സമയത്ത് കെട്ടിടങ്ങളുടെ ഘടന, വിസ്തീർണ്ണം, ഉടമസ്ഥാവകാശം, ഉപയോഗ ക്രമം, കൈവശക്കാരൻ എന്നിവ അസസ്മെന്റ് രജിസ്റ്ററിലെ രേഖകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന വസ്തുത പരിശോധിക്കേണ്ടതാണ്.

B.നഗരസഭാ പരിധിക്കുള്ളിലെ ഒരു കെട്ടിടവും കെട്ടിട നികുതി ഡിമാന്റ് രജിസ്റ്ററിൽ നിന്നോ ,അനധികൃത നിർമ്മാണം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററിൽ നിന്നോ ഒഴിവായിട്ടില്ലെന്ന് ഉറപ്പു വരുത്താൻ നിലവിലെ ഫീൽഡ് സ്റ്റാഫിനെ ഉപയോഗപ്പെടുത്തി സർവ്വേ നടത്തി രജിസ്റ്ററുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

C.ഫീൽഡ് പരിശോധനയിൽ റിപ്പോർട്ട് ചെയ്യുന്ന അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയവ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി , ക്രമവത്കരിച്ച് നൽകാവുന്നവ അപേക്ഷ വാങ്ങി ക്രമവത്കരിച്ച് നൽകേണ്ടതാണ്.

D.മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം പൂർത്തീകരിച്ച ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

E.സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകളിൽ വിസ്തീർണ്ണം, മേഖല, ഇളവുകൾക്കും വർദ്ധനവുകൾക്കും ആധാരമായ ഘടകങ്ങൾ എന്നിവയുടെ രേഖപ്പെടുത്തലുകളിലെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

# 2-3 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നഗര സഭയിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം 100 ച.മീ യിൽ കൂടുതലുള്ള ചില കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേരും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ |
|---|---|---|

| വിലാസവും | | |
|---|---|---|
| തോമസ്.എ.വി | 365.82 | 2/1137 to 1142 |
| ഷംസുദ്ദീൻ | 366.26 | 2/1145 to 1158 |
| മുഹമ്മദ് ഹാജി | 118.08 | 14/703 to 706 |
| അബ്ദുൾ റഷീദ് | 272.78 | 8/1163 to 1170 |
| ഹംസ | 120 | 16/806 to 811 |
| മുസ്തഫ | 336 | 16/908 to 913 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/19.12.18) നികുതി പരിഷ്കരണ നടപടികൾ നടത്തുന്നതോടൊപ്പം മേൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

മണ്ണാർക്കാട് നഗരസഭയിലെ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (7/18.12.18) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | നിർണ്ണയിച്ച വസ്തുനികുതി | ആകെ കുടിശ്ശിക | കുടിശ്ശിക ഏത് വർഷം മുതൽ |
|---|---|---|---|---|---|
| 1 | 3 | SR ടവേഴ്സ് | 8663 | 6*8663=51978 | 2012 ഒന്നാം അർദ്ധ വർഷം |
| 2 | 8 | SR ടവേഴ്സ് | 8663 | 6*8663=51978 | ടി |
| 3 | 13 | വൊഡാഫോൺ | 15750 | 6*15750=94500 | ടി |
| 4 | 13 | ഐഡിയ | 15750 | 6*15750=94500 | ടി |
| 5 | 136 | യു.കെ.സുദേവൻ ജെ | 8820 | 6*8820=52920 | ടി |
| 6 | 14 | ഭാരതി-ഇൻഫ്രാടെൽ | 14175 | 6*14175=85050 | ടി |
| 7 | 16 | എയർടെൽ ടവേഴ്സ് | 9188 | 6*9188=55128 | ടി |
| ആകെ | | | | 4,86,054 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതു മൂലം നഗരസഭയ്ക്ക് വർഷം തോറും വരവിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് അനധികൃത മൊബൈൽ ടവറുടമകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് 2010-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന വൻതുക ഈടാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
നഗരസഭയ്ക്ക് ഈ ഇനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 തൊഴിൽ നികുതി

<u>തൊഴിൽനികുതി പിരിവ്</u>

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 245മുതൽ 259 വരെയുള്ള വകുപ്പുകളിൽ തൊഴിൽ നികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. നഗരസഭയുടെ തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നടത്തിയ അവലോകനത്തിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ.തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ ഹാജരാക്കിയില്ല.

2017-18 വർഷത്തിലെ അർദ്ധ വാർഷിക വരുമാന പത്രികകൾ, തൊഴിൽ നികുതി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (03/17.12.2018) നൽകിയെങ്കിലും അവ ഹാജരാക്കിയില്ല. പഞ്ചായത്ത് സംവിധാനത്തിൽ നിന്നും നഗരസഭാ സംവിധാനത്തിലേയ്ക്കുള്ള മാറ്റം ഉണ്ടായെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കുവാൻ ആവശ്യത്തിന് ജീവനക്കാരില്ലായിരുവെന്ന മറുപടിയാണ് ലഭിച്ചത്. ഇക്കാരണത്താൽ വാർഷിക കണക്കുപ്രകാരമുള്ള തൊഴിൽ നികുതിയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ഡിമാന്റ് 47,24,510 രൂപയും സ്ഥാപന നികുതി ഇനത്തിൽ ഡിമാന്റ് 14,53,028 രൂപയുമാണ്. എന്നാൽ രജിസ്റ്ററുകൾ ഇല്ലാത്തത് കാരണം തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി. ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയില്ല

മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ട്രേഡേഴ്സ് തൊഴിൽ നികുതിയുമായി ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല. കാലികമാക്കി സൂക്ഷിക്കാത്തതുകൊണ്ട് കൃത്യമായ ഡിമാന്റ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇത് തനത് വരുമാനത്തിന് ഗണ്യമായ നഷ്ടമുണ്ടാക്കുവാൻ ഇടവരുത്തുന്നു.

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്ത വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നഗരസഭ പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള വിവിധ കരാറുകാർ, നഗരസഭ പരിധിയിലെ റേഷൻ കട വ്യാപാരികൾ, ബിൽഡിംഗ് സൂപ്പർവൈസർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് ഓഡിറ്റ് അന്വേഷണം (നം.30/22.12.2018) നൽകിയതിനും മറുപടി സമർപ്പിച്ചില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തൊഴിൽനികുതി രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി നഗരസഭാ പരിധിയിൽ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2. തൊഴിൽ നികുതി രേഖകൾ കൃത്യതയോടെ പരിപാലിക്കുന്നുണ്ടെന്നും നികുതി ഒടുക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സെക്ഷനുകളുടെ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും നികുതി ചോർച്ച തടഞ്ഞ് നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തേണ്ടതുമാണ്.

3. നഗരസഭയ്ക്ക് ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതാണ്. തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 2-6 ഡി & ഒ ലൈസൻസ് പരിശോധന സംബന്ധിച്ച്

**1) ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കിയില്ല**

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2011ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇതിനായി ചട്ടം 4 പ്രകാരം ഈ ചട്ടങ്ങൾക്കനുസൃതമായി നൽകുന്ന ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമാല്ലാതെ മുനിസിപ്പാലിറ്റിയിലെ ഒരു സ്ഥലവും ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് ഗസ്റ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം മുഖേനയും, മുനിസിപ്പൽ ഓഫീസ് നോട്ടീസ് ബോർഡിലും, പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്യണം. ഈ വിജ്ഞാപനത്തിൽ ഓരോ വ്യപാരം/തൊഴിൽ/കച്ചവടം ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി ഒരോ വ്യപാരത്തേയും എ, ബി, സി എന്നീ വിഭാഗങ്ങളാക്കി തരം തിരിക്കേണ്ടതാണ്.

ചട്ടത്തിലെ പട്ടിക I, II എന്നിവയിലെ വ്യാപാരങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷയാണ് ഫോറം 1. ഇത്തരത്തിൽ അപേക്ഷിക്കുന്ന വ്യാപാരത്തിലോ ഫാക്ടറികളിലോ യന്ത്രസാമഗ്രികൾ സ്ഥാപിക്കണമെങ്കിൽ ഫോറം 3 ൽ അപേക്ഷ സമർപ്പിക്കണം. ഈ

അപേക്ഷയിൽ ഏതൊക്കെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നുവെന്നും, ഇവയുടെ പ്രവർത്തനം, കുതിരശക്തി, ഉപയോഗപ്പെടുത്തുന്ന ഊർജ്ജം എന്നിവ സംബന്ധിച്ചും, സ്ഥാപനത്തിന്റെ ചുറ്റുപാടുമുള്ളവർക്ക് ശല്യമുണ്ടാകുന്ന സാധ്യത സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തണം. അതുപോലെ തദ്ദേശ സ്ഥാപനത്തിന്റെ മുൻകൂർ അനുമതി ആവശ്യമില്ലാത്ത വ്യവസായ യൂണിറ്റുകൾ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 5 മാതൃകയിൽ അപേക്ഷ നൽകണം. എന്നാൽ ഇത്തരത്തിൽ വ്യത്യസ്ത ആവശ്യങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ ഒറ്റ അപേക്ഷയാണ് (ഫോറം 1)സ്വീകരിക്കുന്നത്. അതുകൊണ്ട് തന്നെ വ്യത്യസ്ത ആവശ്യങ്ങൾക്കായി മുനിസിപ്പാലിറ്റിയിൽ അപേക്ഷിച്ചവരുടെ വിവരം തരം തിരിച്ച് ലഭ്യമല്ല. ആപല്ക്കരവും, അസഹ്യവുമായ വ്യാപാരങ്ങളുടെ (പട്ടിക 1)കാര്യത്തിൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൗൺസിലും, മറ്റുള്ളവയുടെ കാര്യത്തിൽ സെക്രട്ടറിയുമാണ് അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കേണ്ടത്. മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ 2017-18 വർഷത്തിലോ, തുടർന്ന് ഓഡിറ്റ് സമയം വരെയും മേൽ ചട്ടം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷത്തിന് (11/18.12.18) മറുപടി സമർപ്പിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് പിരിവ് കൃത്യതയുള്ളതാക്കേണ്ടതാണ്.

2) ഡി & ഒ ലൈസൻസ് ഇല്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 6108 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ/ഷോപ്പുകൾ | 5834 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ/ഷോപ്പുകൾ | 82 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 3 |
| വാണിജ്യ ആവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 41 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/ പിരിഷെഡ് | 19 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ | 12 |
| അസംബ്ളി കെട്ടിടം,കൺവെൻഷൻ സെന്റർ,ഓഡിറ്റോറിയം,കല്യാണ മണ്ഡപങ്ങൾ,ലോഡ്ജ്,സിനിമ തിയറ്റർ | 117 |
| ആകെ | 6108 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 6108 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 1311 എണ്ണം മാത്രമാണ്. താമസാവശ്യത്തിനല്ലാത്ത മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ മുഴുവൻ ഭാഗങ്ങളും വാണിജ്യാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നില്ലെങ്കിലും ഏകദേശം 50% ൽ അധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സസ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ഭൌതിക പരിശോധന നടത്തുകയും ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 പരസ്യ നികുതി

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 207 മുതൽ 276 വരെയുള്ള വകുപ്പുകളിൽ രസ്യനികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. 01/07/2017 മുതൽ ജി.എസ്.ടി നിലവിൽ വന്നുവെങ്കിലും 01/04/2017 മുതൽ 30/06/2017 വരെയുള്ള നഗരസഭയുടെ പരസ്യ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നടത്തിയ അവലോകനത്തിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ല

സർക്കാറിന്റെ അംഗീകാരത്തോട് കൂടി പരസ്യ നികതി നിരക്ക് നിശ്ചയിക്കുവാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും, പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനുള്ള ബൈലോ തയ്യാറാക്കേണ്ടതുമായിരുന്നു. ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ നമ്പർ, വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മണ്ണാർക്കാട് നഗരസഭയിൽ അത്തരത്തിലുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബി. ബൈലോ പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

1-11-2015 ന് നഗരസഭ രൂപീകരിച്ചതിനു ശേഷം മുനിസിപ്പാലിറ്റി നിയമ വ്യവസ്ഥകൾക്കനുസരിച്ച് പുതുക്കിയ ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പരസ്യനികുതി പരിഷ്കരിച്ച് കാലികമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

സി. പരസ്യനികുതി പിരിവ് വിശകലനം

ഓഡിറ്റ് വർഷത്തിൽ പരസ്യ നികുതി ഇനത്തിൽ ലേല തുകയായ 64,000 രൂപയിൽ നഗരസഭയ്ക്ക് ലഭിച്ച തുക സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/22.12.2018) നഗരസഭ മറുപടി നൽകിയിട്ടില്ല.

# 2-8 മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കാതെ വിവിധ തരം സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

1997 ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം 3, 1999 ലെ കേരള മുനിസിപ്പാലിറ്റി(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം 3 എന്നിവ പ്രകാരം മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മേൽ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ/രജിസ്ട്രേഷൻ പുതുക്കാതെ ഒരു സ്വകാര്യ ആശുപത്രിയോ, പാരാമെഡിക്കൽ സ്ഥാപനമോ, ട്യൂട്ടോറിയൽ സ്ഥാപനമോ സ്ഥാപിക്കുവാനോ, പ്രവർത്തിക്കുനോ പാടില്ല. ഈ ചട്ടങ്ങളിലെ ചട്ടം 3(6) പ്രകാരം വ്യക്തികൾ രജിസ്ട്രേഷനായി അപേക്ഷിക്കുമ്പോൾ, രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനങ്ങളെ സംബന്ധിച്ച് രണ്ടാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തുമ്പോൾ മാത്രമാണ് പ്രസ്തുത സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കാവുന്നത്. ഈ സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ പ്രവർത്തിക്കുന്നതിന് ഓരോ വർഷാവസാനം അവസാനിക്കുന്നതിനു മുമ്പായി ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നഗരസഭ പരിധിയിൽ ഈയിനത്തിൽ പെട്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

സ്ഥാപനത്തിലെ 2017-18 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം നഗരസഭ പരിധിയിൽ 25 പാരാമെഡിക്കൽ സ്ഥാപനങ്ങളുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല. എന്നാൽ ഇവ നഗരസഭയിൽ രജിസ്റ്റർ ചെയ്യുകയോ, ഇവയുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 506(ബി) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം എന്നാൽ കേന്ദ്രസംസ്ഥാന സർക്കാരോ, മറ്റു സർക്കാരുകളോ, സംസ്ഥാനത്തെ/മറ്റു സംസ്ഥാനത്തെ സർവ്വകലാശാലകളോ നടത്തുന്നതായ ഏതെങ്കിലും വിദ്യാഭ്യാസ ശാഖയിലെ ഒരു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനോ, ഹാജരാകുന്നതിനോ വേണ്ടി വിദ്യാഭ്യാസമോ, ബോധനമോ, പരിശീലനമോ നൽകുന്നതിന് ഒരാളോ ഒന്നിലധികം പേരോ ചേർന്ന് നടത്തുന്നതും, പത്തിൽ കൂടുതൽ വിദ്യാർത്ഥികളുള്ളതുമായ സ്ഥാപനം എന്നർത്ഥമാകുന്നു. മുനിസിപ്പൽ പ്രദേശത്ത് ഇത്തരത്തിൽ, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സ്ഥാപനങ്ങളടക്കം നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും മേൽ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് എൻക്വയറി (നം.10/ തിയ്യതി.18.12.2018)നൽകിയതിന് രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ അനുമതിയോടു കൂടി മാത്രം പ്രവർത്തിക്കുവെന്ന് ഉറപ്പാക്കേണ്ടതും, രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം തടയേണ്ടതുമാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 2-9 വാടക വരവിനം സംബന്ധിച്ച്

1) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ അപാകത മൂലം വാടക ഇനത്തിൽ വരവില്ല.

മണ്ണാർക്കാട് നഗരസഭ പുതുതായി നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന് 2014-15 ൽ പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം തുടങ്ങിയെങ്കിലും നാളിതു വരെയായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 2015-16 | 165/16 | 20,00,000 | 7,54,322 |
| 2016-17 | 62/17 | 12,45,678 | 9,50,604 |
| 2017-18 | 105/18 | 21,12,864 | 13,07,087 |
| 2018-19 | 194/19 | 8,05,777 | 7,63,658 |
| ആകെ | | | 37,75,671 |

ആദ്യ ഘട്ട പ്രവൃത്തിയിൽ താഴെ 6 മുറികളും രണ്ടാം ഘട്ടത്തിൽ മുകളിൽ 6 മുറികളും നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) താഴെയുള്ള മുറികൾക്ക് ഷട്ടറുകൾ ഘടിപ്പിക്കുക, വൈദ്യുതി സംവിധാനം ഏർപ്പെടുത്തുക മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തത് കാരണം മുറികൾ നിലവിൽ ഉപയോഗശൂന്യമാണ്. ആയതിന്റെ ചിത്രം താഴെ കൊടുക്കുന്നു.

2) രണ്ടാം ഘട്ടമായി മുകളിൽ നിർമ്മിച്ച മുറികളിലേക്ക് കയറാനുള്ള ഏണിപ്പടികൾ നിർമ്മിച്ചിട്ടില്ല.

2018-19 വരെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി 37,75,671രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതു വരെയായിട്ടും വാടക ഇനത്തിൽ വരവൊന്നും ലഭിക്കാത്തത് ദീർഘ വീക്ഷണമില്ലാതെ പദ്ധതി ആവിഷ്കരിച്ചത് മൂലമാണ്. ഒരു തദ്ദേശ സ്ഥാപനത്തിന്റെ പൊതുഭരണ സംബന്ധമായും, സാമ്പത്തികവുമായ കാര്യങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടത് അവിടുത്തെ ധനകാര്യ സ്ഥിരം സമിതിയും, സമിതിയിലേയ്ക്ക് കൃത്യമായ വിവരങ്ങൾ യഥാസമയം കൈമാറേണ്ടത് ജീവനക്കാരുടേയും ചുമതലയാണ്. ഓഡിറ്റ് വർഷ കാലയളവിൽ ധനകാര്യ സ്ഥിരം സമിതിയിലോ, കൗൺസിൽ മീറ്റിങ്ങുകളിലോ ഈ വിഷയത്തിൽ ചർച്ചകളൊന്നും നടന്നു കാണുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ കെട്ടിടം എല്ലാ തരത്തിലും പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി പ്രവൃത്തി ആരംഭിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വാടക ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്ത് 01.11.2015 ന് മുനിസിപ്പാലിറ്റി ആയി ഉയർത്തിയതിന് ശേഷം, കൗൺസിലിൽ യോഗം കൂടി വാടക ബൈലോ അന്തിമമായി അംഗീകരിച്ച് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനായി നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു. ഈ വിഷയത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

3) വാടക കരാറിൽ രേഖപ്പെടുത്തലുകൾ ഇല്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭ ഉടമസ്ഥതയി ലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കണം. എന്നാൽ 2017-18 വർഷത്തിൽ നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ വാടകക്കാർ മുദ്രപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും രേഖപെടുത്തലുകളോ സെക്രട്ടറിയുടെ ഒപ്പോ ഇല്ല.

4) വാടക ഇനത്തിലെ കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം 77062 രൂപ വാടക ഇനത്തിൽ ഈടാക്കാനുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപെടുത്തുകയോ കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ കുടിശ്ശിക ആരുടേതാണെന്ന് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (24/21.12.18 ) നൽകിയെങ്കിലും മറുപടി സമർപ്പിച്ചില്ല. നഗരസഭക്കു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ വാടകയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-10 ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപെടുത്തിയിട്ടില്ല

നഗരസഭയിൽ 2017-18 സാമ്പത്തിക വർഷത്തെ താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി തയ്യാറാക്കുകയോ സാക്ഷ്യപെടുത്തുകയോ ചെയ്തിട്ടില്ല.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2 തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

3 പെർമിറ്റ് ഫീ ഡിമാന്റ് രജിസ്റ്റർ

4 കെട്ടിട വാടക രജിസ്റ്റർ

5 ബസ് സ്റ്റാന്റ് ഫീ രജിസ്റ്റർ

6 ഡി & ഒ ലൈസൻസ് രജിസ്റ്റർ

7 വിനോദ നികുതി രജിസ്റ്റർ

8 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ രജിസ്റ്റർ

9 ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ

10 റഗുലറൈസേഷൻ രജിസ്റ്റർ

11 വേക്കൻസി റെമിഷൻ രജിസ്റ്റർ

12 വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ

നഗരസഭയിലെ പ്രധാന വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കാത്തതിനാൽ നഗരസഭയുടെ വിവിധ ഇനങ്ങളിലുള്ള തനതു വരുമാനത്തിന്റെ കൃത്യത ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലുള്ള വീഴ്ച സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച നടന്നതായോ,ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് നൽകുകയോ ചെയ്തിട്ടില്ല.വിവിധ സെക്ഷനുകളുടെ സൂപ്പർവൈസിംഗ് ഓഫീസർമാരും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സെക്ഷനുകൾക്ക് നൽകിയിട്ടില്ല. എല്ലാ വരവിനങ്ങൾക്കും ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 2-11 ദുരിതാശ്വാസ നിധി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാദ്ധ്യക്ഷന്റെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, കൊടുങ്കാറ്റ്, കടലാക്രമണം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് നഗരസഭാസമിതിയുടെ അംഗീകാരത്തിന് വിധേയമായി ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര സഹായം നൽകാവുന്നതാണ്. നഗരസഭയിൽ നാളിതു വരെയായിട്ടും ദുരിതാശ്വാസനിധി രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയിലോ ഭരണസമിതിയിലോ നിർദ്ദേശം ഉണ്ടായിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

A.കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.- 2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം നിധിയെ സംബന്ധിച്ച വരവു ചെലവു കണക്കുകൾ സെക്രട്ടറി ഒരു കാഷ് ബുക്കിൽ രേഖപെടുത്തേണ്ടതാണ്.

B.ചട്ടം 3(3) പ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന സംഭാവനകൾക്ക് സെക്രട്ടറി ഒപ്പുവെച്ച രശീതി നൽകേണ്ടതാണ്.

C.ചട്ടം 5(2) അനുസരിച്ച് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

ദുരിതാശ്വാസ നിധി വിനിയോഗത്തിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-12 ഇ-ടെണ്ടർ ഫോം വില -മുൻസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ ഇ.ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഷെഡ്യൂൾ വിലയായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (LSGD, പാലക്കാട്) നിന്നും ലഭിച്ചിട്ടുണ്ടോ എന്നും ലഭിച്ചിട്ടില്ലെങ്കിൽ ലഭിക്കാനുള്ള തുകയുടെ കണക്കു സൂക്ഷിക്കുന്നുണ്ടോ എന്ന വിവരവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള [നം.16(1)/18-12-2018] മറുപടിയിൽ 2017-18 വർഷം ഈയിനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ തുക മുനിസിപ്പാലിറ്റിയുടെ തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

2017-18ന് മുൻപ് ഈയിനത്തിലുള്ള വരവ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (LSGD, പാലക്കാട്) നിന്നും ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് തുകലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 3-1 കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് ടെണ്ടർ നൽകിയിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രാജക്ട് നം. SO 020/18- നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നതിന് ട്രഷറി ബിൽ നം. 24/17-18/ 2-2-2018 പ്രകാരം 239060രൂ. (പ്ലാൻ .സി.എഫ്.സി) ചെലവഴിച്ചിട്ടുണ്ട്. സിനി. ലാബ് ടെക്നോളജീസ് ,പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് തുക നൽകിയിരിക്കുന്നത്. ടി പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ടെണ്ടറിൽ അഞ്ച് സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര് | 24വാട്ട് എൽ.ഇ.ഡി. ലൈറ്റിന് രേഖപ്പെടുത്തിയിട്ടുള്ള വില(രൂ ) |
|---|---|
| ഗ്ലോബൽ ഇന്നവേറ്റീവ് ബിസിനസ് സൊല്യൂഷൻ, പാലക്കാട് | 2500 |

| | |
|---|---|
| സിനിലാബ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് | 2000 |
| ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം, കുറ്റനാട് | 2090മുതൽ 3540വരെ പല നിരക്കുകളിൽ |
| സുരേഷ് ബാബു, വെൽ ടെക് ഇലക്ട്രിക്കൽസ് , അഗളി | 1880 |
| സുരേന്ദ്രൻ , ദീപം എന്റർപ്രൈസസ്, മണ്ണാർക്കാട് | 2930 |
| കുറഞ്ഞവില സൂചിപ്പിച്ചതും വാങ്ങിയ വിലയും തമ്മിലുള്ള വ്യത്യാസം. | 120 |
| വാങ്ങിയ ലൈറ്റുകളുടെ ആകെ എണ്ണം. | 120 |
| ആകെ അധികം നൽകിയ തുക | 14400(120x120) |

എന്നാൽ 25-3-2017ന് ചേർന്ന കൗൺസിൽ തീരുമാനം. 1(4)പ്രകാരം സിനിലാബ് ടെക്നോളജീസ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെണ്ടർ അംഗീകരിക്കാൻ തീരുമാനിച്ചു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സുരേഷ് ബാബു, വെൽ ടെക് ഇലക്ട്രിക്കൽസ് , അഗളി എന്ന സ്ഥാപനം സ്ട്രീറ്റ് ലൈറ്റുകളുടെ ബ്രാന്റ് ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണം സൂചിപ്പിച്ചാണ് ടി സ്ഥാപനത്തിനെ ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സിനിലാബ് ടെക്നോളജീസ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനവും ബ്രാന്റ് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഇക്കാരണം സൂചിപ്പിച്ചുകൊണ്ട് കുറഞ്ഞ നിരക്ക് സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിന് ടെണ്ടർ നൽകാതെ കൂടിയ നിരക്ക് സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിന് ടെണ്ടർ നൽകിയത് ക്രമപ്രകാരമല്ല.

കൂടാതെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പ്രകാരം ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള സാധനങ്ങളുടെ ബ്രാന്റ് രേഖപ്പെടുത്തേണ്ടതില്ല എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാരണം സൂചിപ്പിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിനെ ഒഴിവാക്കുന്നത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/22-12-2018ന് ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ബൾബുകൾക്ക് ഗുണനിലവാരം ഉണ്ട് എന്നും ആയതിനാൽ ഇത്തരത്തിൽ വാങ്ങൽ നടത്തി എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുക 14400നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

# 3-2 സാധന സാമഗ്രികൾ സമാഹരിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നം. SO 141/18 - ഫ്രണ്ട് ഓഫീസ് നവീകരണം -ഉപകരണങ്ങൾ വാങ്ങൽ എന്നതിന് തൻവർഷം ബിൽ നം. 31/17-18തീയ്യതി 28-3-2018പ്രകാരം 162112രൂപയും പ്രോജക്ട് നം. SO 142/18- നഗരസഭ കൗൺസിൽ ഹാൾ നവീകരണം എന്നതിന് ബിൽ നം. 29/17-18തീയ്യതി 28-3-2018പ്രകാരം 1000000രൂപയും ബിൽ നം.30/17-18തീയ്യതി 28-3-2017 പ്രകാരം 271071രൂപയും ചെലവഴിച്ചിട്ടുണ്ട്. സിഡ്കോയിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടത്/ എന്തൊക്കെ സാധനങ്ങളാണ് വാങ്ങേണ്ടത് എന്നത് സംബന്ധിച്ച് നഗരസഭയിൽ നിന്നും ആവശ്യകത നിർണയിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

ടെണ്ടർ നടപടികൾ ഇല്ലാതെ സിഡ്കോയിൽ നിന്നാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതും സാധനങ്ങൾ വാങ്ങിയിട്ടുള്ളതും. എന്നാൽ സ.ഉ.(സാധാ) നം. 2638/2017/ത.സ്വ.ഭ.വ, തീയ്യതി. 29-7-2017പ്രകാരം സിഡ്കോ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുള്ളത്. എന്നാൽ മേൽപറഞ്ഞ പ്രോജക്ടുകളിലൂടെ വാങ്ങിയിട്ടുള്ള/പ്രവൃത്തി ചെയ്തിട്ടുള്ള ഇനങ്ങൾ( അലുമിനിയം പാനൽ പ്രവൃത്തികൾ, ടേബിളുകൾ, ചെയറുകൾ, ഭിത്തിയിൽ പാനൽ വർക്കുകൾ മുതലായവ) സിഡ്കോ നേരിട്ട് ഉത്പാദിപ്പിക്കുന്നതാണ് എന്ന് ഉറപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/22-12-2018 ന് കൗൺസിൽ ഹാളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി സർക്കാർ അംഗീകൃത സ്ഥാപനമായ സിഡ്കോയിൽ നിന്നും സാധനങ്ങൾ അടിയന്തിര സാഹചര്യത്തിൽ വാങ്ങിയതാണെന്നും ടി സാധനങ്ങൾ സിഡ്കോതന്നെ നിർമ്മിക്കുന്നതാണെന്ന് സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കാം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽസാഹചര്യത്തിൽ സാധനസാമഗ്രികൾ സിഡ്കോ നിർമ്മിക്കുന്നതാണെന്ന് ഉറപ്പാക്കുന്നതുവരെ ചെലവ് തുക 1433183രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

# 3-3 ബസ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർജ്ജീവാസ്തിയായി തുടരുന്നു.

2015-16ൽ ₹.20,00,000/- വകയിരുത്തി ആവിഷ്കരിച്ച 165/18:ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് എന്ന പദ്ധതിക്കായി 2015-16ൽ ₹.7,54,322/-ഉം 2016-17ൽ 9,50,604/-ഉം ചെലവഴിച്ച് ആറ് കടമുറികളുടെ സ്ട്രക്ചർ വർക്ക് പൂർത്തിയാക്കിയിരുന്നു. 2017-18 വർഷം ₹.21,12,864/- വകയിരുത്തി ആവിഷ്കരിച്ച 105/18:ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് പൂർത്തീകരണം എന്ന പദ്ധതിപ്രകാരം ഇതിന്റെ മുകളിലത്തെ നിലയിൽ 6 കടമുറികളുടെ സ്ട്രക്ചർ വർക്കുകടിപൂർത്തികരിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം ഉപയോഗിക്കാനാവാത്ത സ്ഥിതിയാണ്. മുകളിലത്തെ നിലയിലേക്ക് കയറാനുള്ള Stair എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17ൽ പൂർത്തിയാക്കിയ താഴത്തെ നിലയിൽപ്പോലും ഷട്ടറുകൾ പിടിപ്പിക്കുകയോ ഇലക്ട്രിക്കൽ, പ്ലമ്പിങ്ങ്, ഫ്ലോറിങ്ങ് വർക്കുകൾ ഉൾപ്പെടെയുള്ള ഫിനിഷിങ്ങ് വർക്കുകൾ ചെയ്യുകയോ ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്യാതെയാണ് 2017-18ൽ മുകളിലത്തെ നില പണിതത്. ₹.37,75,671/- ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിലവിൽ നിർജ്ജീവ ആസ്തിയായി തുടരുകയാണ്. കെട്ടിടം ഉപയോഗപ്പെടുത്താനുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്താതെ പദ്ധതി ആവിഷ്കരിച്ചത് സംബന്ധിച്ച് വിശദീകരണവും നിലവിൽ ഈ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/24-12-2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2017-18 വർഷത്തെ പദ്ധതികൾ തയ്യാറാക്കുന്നതിനായി ജി.ഒ.(എം.എസ് )നം.79/2017/തസ്വഭവ , തീയതി: 03.04.2017 പ്രകാരം പുറപ്പെടുവിച്ച മാർഗരേഖ ഖണ്ഡിക 6.3(4)ൽ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊജക്ട് അനുബന്ധ സൗകര്യങ്ങൾ എല്ലാം ഉൾപ്പെടുത്തിവേണം ആവിഷ്കരിക്കാൻ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കെട്ടിടം പണി അടിയന്തിരമായി പൂർത്തിയാക്കി കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയിൽ എഗ്രിമെന്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 145/18- തെരുവ് വിളക്ക് റിപ്പയർ എന്ന പ്രവൃത്തിക്കായി ട്രഷറി ബിൽ നം. 25/17-18 തീ. 22/2/2018പ്രകാരം 356220രൂപയും ട്രഷറി ബിൽ നം. 28/17-18, തീ. 28-3-2018 പ്രകാരം 412251രൂപയും തൻവർഷം (ആകെ ₹.768471/-) ചെലവഴിച്ചിട്ടുണ്ട്. ശ്രീ. സുരേഷ് ബാബു, വെൽടെക്ക് ഇലക്ട്രിക്കൽസ് എന്ന വ്യക്തിക്കാണ് പ്രവൃത്തി ടെണ്ടർ മുഖേന നൽകിയിട്ടുള്ളത് (1649000രൂപയ്ക്ക്) . ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരനുമായുള്ള എഗ്രിമെന്റിൽ (1/2017 തീ. 12-10-2017) ചേർത്തിട്ടുള്ള നിബന്ധനകളിൽ ടിയാൻ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനായി സ്വന്തം ഉത്തരവാദിത്വത്തിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിക്കുന്ന ഓഫീസ് സ്ഥാപിക്കണം എന്നും പരാതി അറിയിക്കുന്നതിനുള്ള ഫോൺ നമ്പർ എല്ലാ വർത്തമാന പത്രങ്ങളിലും പ്രസിദ്ധീകരിക്കണം എന്നും വിശദാംശങ്ങളടങ്ങിയ പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്നും നിഷ്കർഷിക്കുന്നു. നഗരസഭയിൽ സമാനമായ പരാതി റജിസ്റ്റർ സൂക്ഷിക്കണം എന്നും എല്ലാ ദിവസവും കരാറുകാരൻ ടി റജിസ്റ്റർ പരിശോധിച്ച് തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കണമെന്നും പരാതികൾ പരിഹരിച്ച വിശദാംശങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2. നഗരസഭാ പ്രദേശത്തുള്ള മുഴുവൻ തെരുവ് വിളക്കുകളും 12മാസം കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കണം എന്നും വാർഡ് കൗൺസിലർ/ഓവർസീയർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകും എന്നുമാണ് എഗ്രിമെന്റിൽ ചേർത്തിട്ടുള്ളത്. ഇത് വളരെ അവ്യക്തമായ ഒരു നിബന്ധനയാണ്.
3. കരാറുകാരൻ എത്ര തെരുവ് വിളക്കുകൾ നന്നാക്കി, എത്ര തുക ചെലവ് വന്നു, എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തത്, ഏതൊക്കെ സാധന സാമഗ്രികളാണ് മാറ്റി സ്ഥാപിച്ചത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ നീക്കം ചെയ്ത സാധനസാമഗ്രികൾ തിരച്ചേൽപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിൽ ഒരു നിബന്ധനയും ചേർത്തിട്ടില്ല.

ഇപ്രകാരം മുനിസിപ്പാലിറ്റിയുടെ അധികാര സംവിധാനത്തിലും മേൽനോട്ടത്തിലും നിലനിൽക്കേണ്ട ഒരു സേവനം കരാറുകാരന്റെ യുക്താനുസരണം ചെയ്യുന്നതിന് വിട്ടുകൊടുക്കുന്ന രീതിയിൽ കരാർ ചമച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാണെന്ന് വാർഡ് കൗൺസിലർ നൽകുന്ന ഒരു സാക്ഷ്യപത്രം അല്ലാതെ മറ്റൊരു തെളിവും കരാറുകാരൻ പ്രവൃത്തി തൃപ്തികരമായി ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന വിധത്തിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/22-12-2018ന് ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖയിലെ (സർക്കുലർ നം.3055/2011/ത.സ്വ.ഭ.വ/15.09.2011) വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്. 2017-18ൽ നടന്ന അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതിലേക്കായി ചെലവ് തുക 768471 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

# 3-5 പെൻഷൻ ഫണ്ടിന്റെ വിവരങ്ങൾ:

2015-16ൽ രൂപീകൃതമായ മണ്ണാർക്കാട് നഗരസഭയിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 31.03.2018വരെ ഈടാക്കിയ തുക പൂർണ്ണമായും പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. മുനിസിപ്പൽ കണ്ടിൻജന്റ് വിഭാഗത്തിൽ സ്ഥിരം ജീവനക്കാരെ നാളിതുവരെ നിയമിച്ചിട്ടില്ല. നഗര

സഭയിൽ നിലവിൽ റഗുലർ/കണ്ടിൻജന്റ് വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർ ആരും തന്നെയില്ല. കണ്ടിൻജന്റ് വിഭാഗം സ്ഥിരം ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ പെൻഷൻ വിഹിതം നിക്ഷേപിക്കുന്നതിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

# 3-6 മരുന്ന് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയില്ല – 16812 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.169/18:പാലിയേറ്റീവ് കെയർ
അടങ്കൽ: ₹.10,00,000/- (Plan General)
ചെലവ്: ₹.993251/-
നിർവ്വഹണം: മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പാലിയേറ്റീവ് കെയർ പ്രൊജക്ടിനായി ബിൽ നമ്പർ 7/17-18തീയ്യതി 31.1.18 പ്രകാരം 2,89,234 രൂപ ചെലവഴിച്ചതിൽ 35849 രൂപ മരുന്ന് വാങ്ങിയതിനായി കാരുണ്യ ഫാർമസിക്ക് നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 471) ആയതിൽ താഴെ പറയും പ്രകാരമുള്ള തുകകളുള്ള ബില്ലുകളാണ് പരിശോധനക്കായി ലഭ്യമാക്കിയത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 8481/13.3.18 | 7348 |
| 1929/22.5.18 | 11689 |
| ആകെ | 19037 |

ബാക്കി 16812 രൂപക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (4/17.12.18) നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-7 പാലിയേറ്റീവ് കെയർ പ്രൊജക്ട് - മരുന്നുകൾ വാങ്ങാൻ ക്വട്ടേഷൻ വിളിച്ചതിന്റെ ഫയലും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല

പ്രൊജക്ട് നം.169/18:പാലിയേറ്റീവ് കെയർ
അടങ്കൽ: ₹.10,00,000/- (Plan General)
ചെലവ്: ₹.993251/-
നിർവ്വഹണം: മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ
പാലിയേറ്റീവ് കെയർ പ്രൊജക്ടിനായി മരുന്ന് വാങ്ങാനായി താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ബിൽ നമ്പർ | വൗച്ചർ നമ്പർ | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 3/17-18 dt 27.12.17 Rs 290517 | 179 | 162765 | ഒസ്റ്റം പൊട്ടപറമ്പിൽ ബിൽഡിംഗ് വെണ്ണല |
| | 180 | 38752 | ടി |
| 4/17-18 dt 28.02.18 Rs 2,29,192 | 388 | 99746 | ടി |
| 7/17-18 dt 31.01.18 Rs 2,89,234 | 471 ഇൻവോയ്സ് നമ്പർ-66040/28.3.18 | 211890 | മെഡിക്കെയർ മെഡിക്കൽ ഷോപ്പ്, പാലക്കാട് |

പ്രസ്തുത മരുന്നുകൾ വാങ്ങാൻ ക്വട്ടേഷൻ/ടെണ്ടർ വിളിച്ചതിന്റെ രേഖകളും മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (4/17.12.18) മുഖേന ആവശ്യപെട്ടുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 513153രൂപ തടസ്സപ്പെടുത്തുന്നു.

# 3-8 പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മണ്ണാർക്കാട് താലൂക്ക് ഹോസ്പിറ്റലിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1) പ്രൊജക്ട് - ഗവ.ആശുപത്രി ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരണം

പ്രൊജക്ട് നം - 174/18

അടങ്കൽ - 2,71,000

ചെലവ് - 2,39,518

ബിൽ നമ്പർ - 2/17-18 dt 23.8.17

ഗവ.ആശുപത്രി ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരണം എന്ന പദ്ധതിക്കായി 2,39,518 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | തുക | നൽകിയത് |
|---|---|---|
| 1 | 2,22,352 | ഐ.ആർ.ടി.സി. മുണ്ടൂർ |
| 2 | 2024 | ഇൻകം ടാക്സ് |
| 3 | 13118 | വാറ്റ് |
| 4 | 2024 | K.C.W.W.F |

പ്രസ്തുത പ്രൊജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2) പ്രൊജക്ട് - വൃദ്ധ ജനങ്ങൾക്ക് മരുന്നും താലൂക്ക് ആശുപത്രിയിൽ പ്രത്യേക വാർഡ് സജ്ജീകരിച്ച്

ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നം - 179/18

അടങ്കൽ - 3,30,550 (പദ്ധതി വിഹിതം -260550, മെയിന്റൻസ് ഫണ്ട് (റോഡിതരം) -70000 )

ചെലവ് - 3,07,616 (പദ്ധതി വിഹിതം -260550, മെയിന്റൻസ് ഫണ്ട് (റോഡിതരം) - 47066 )

വൃദ്ധ ജനങ്ങൾക്ക് മരുന്നും താലൂക്ക് ആശുപത്രിയിൽ പ്രത്യേക വാർഡ് സജ്ജീകരിച്ച് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ടിന് 3,07,616 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക നൽകിയത് |
|---|---|
| 8/17-18 dt 31.3.18 Rs.260550 | സിഡ്കോ - 160554<br>മരുന്ന് വാങ്ങാൻ മെഡികെയറിന് നൽകിയത്- 99996 |
| 9/17-18 dt 31.3.18 Rs.47066 | സിഡ്കോ |

ആയതിൽ സിഡ്കോക്ക് താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്..

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| SMC PKD/17-18/TI/293 Dt 23.3.18- | 103616 |
| SMC PKD/17-18/TI/334 Dt 23.3.18- | 104004 |
| Total | 207620 |

പ്രസ്തുത ഉപകരണങ്ങൾ ആശുപത്രിയിൽ സ്ഥാപിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രവും മരുന്നുകൾ വാങ്ങാൻ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ പറഞ്ഞവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (4/17.12.18) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 547134 രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 ഹെൽത്ത് ഓഫീസർ നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് എഴുതി

# സൂക്ഷിക്കുന്നില്ല

2017-18 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവഹണോദ്യഗസ്ഥനായി 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആകെ 5273340 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് TR-7A മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. നിർവഹണോദ്യോഗസ്ഥർ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് ജി.ഒ.പി177/2006/ധനം, തീയതി12.4.2006 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

കാഷ്ബുക്ക് എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 സൈഡ് വീലോഡു കൂടിയ സ്കൂട്ടർ - ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S034/17 |
| പേര് | സൈഡ് വീലോട് കൂടിയ സ്കൂട്ടർ |
| അടങ്കൽ | 8,82,200/- |
| ചെലവ് | 8,25,000/- |
| ബിൽ നം./തീയതി | 5/17-18/15-3-18 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

2017-18 വർഷത്തിൽ താലൂക്ക് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ എന്ന പ്രൊജക്ടിനോട് അനുബന്ധിച്ച് പദ്ധതി വിഹിതത്തിൽ നിന്നും 8,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന്റെ നിർവ്വഹണ രീതിയിൽ രേഖപെടുത്തിയിരിക്കുന്നത് ടെണ്ടർ എന്നാണ്. എന്നാൽ ഇതിനു വിരുദ്ധമായി ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്തത്. 11 സ്കൂട്ടറുകൾ (ഹീറോ മാസ്റ്ററോ എഡ്ജ്-110 cc) സൈഡ് വീൽ ഉൾപ്പെടെ യൂണിറ്റ് ഒന്നിന് 75000 രൂപ നിരക്കിൽ 8.25 ലക്ഷം രൂപക്ക് കെൽട്രോൺ ഇലക്ട്രോ സിറാമിക്സിന്റെ കുറ്റിപ്പുറം ശാഖയിൽ നിന്നും വാങ്ങിയാണ് വിതരണം ചെയ്തത്. സ.ഉ.(എം.എസ്) നം. 13/2015/ITD തീയ്യതി 12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. സ.ഉ.(സാ) നം.3521/2017/തസ്വഭവ തീ.1.11.2017 പ്രകാരം കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണെന്നാണ് പരാമർശിച്ചിരിക്കുന്നത്. കെൽട്രോൺ പ്രസ്തുത വാഹനം നിർമ്മിക്കുന്ന സ്ഥാപനമല്ല.പ്രസ്തുത വാങ്ങലിന് പർച്ചേസ് കമ്മിറ്റിയുടെയോ ഭരണസമിതിയുടെയോ അംഗീകാരം ലഭ്യമായിട്ടില്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ താഴെ പറയുന്ന അർഹത തെളിയിക്കുന്ന രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1.സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ പ്രാപ്തനാണെന്ന് തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം.

2.പത്ത് വർഷത്തിനുള്ളിൽ ഈ വാഹനം ലഭിച്ചവരാകരുതെന്ന് സ്ഥിരീകരിക്കുന്ന രേഖ.

3.ഡ്രൈവിങ്ങ് ലൈസൻസ്.

മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.12.18) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 8,25,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ- അപാകതകൾ

നിർവ്വഹണം- ഹെഡ്മാസ്റ്റർ, ജി എം യു പി എസ്,മണ്ണാർക്കാട്

പ്രൊജക്ട് നം. 6/18

ബിൽനം.3/16.2.18, തുക-444000

എ) നഗരസഭയിലെ സ്ഥിരതാമസക്കാരനല്ലാത്ത കുട്ടിക്ക് ആനുകൂല്യം നൽകി

നഗരസഭയിലെ സ്ഥിരതാമസക്കാരല്ലാത്ത താഴെപ്പറയുന്ന കുട്ടികൾക്ക് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. കുട്ടികൾ നഗരസഭാപരിധിയിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ടെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം മറ്റു സ്ഥലങ്ങളിലെ സ്ഥിരതാമസക്കാരാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ | അനുവദിച്ച | അക്കൗണ്ട് | ലഭ്യമാക്കിയ | റിമാർക്സ് |
|---|---|---|---|---|

| പേര്, വിലാസം | തുക | നം. | രേഖ | |
|---|---|---|---|---|
| വർണവ്.കെ.വി, കാരയിൽ ഹൗസ്, പൂവാട്ടുകുണ്ട്, ഡൗൺഹിൽ ഊരകം, തിരൂരങ്ങാടി , മലപ്പുറം | 10000 | 57054697073 | ആധാർ കാർഡ്, വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് | റേഷൻ കാർഡിന്റെ പകർപ്പ് ലഭ്യമാക്കിയില്ല. |
| മുഹമ്മദ് ഇർഫാൻ, തറമ്മൽ ഹൗസ്, എച്ച്.എസ് റോഡ് ചെർപ്പുളശ്ശേരി | 10000 | 510714990986 | റേഷൻ കാർഡ്, ആധാർ കാർഡ് | |

നഗരസഭാപ്രദേശത്തെ സ്ഥിരതാമസക്കാരണെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ആനുകൂല്യം നൽകിയ 20000 രൂപ തടസത്തിൽവെയ്ക്കുന്നു

ബി)സ്കൂളധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചു

സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന വിദ്യാർത്ഥികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സ്കൂൾ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | അക്കൗണ്ട് നം. |
|---|---|---|
| അഫ്സൽ അമീൻ | 6000 | 32185708479 |
| ഷഫ്ന പി.പി | 8000 | 32219673686 |
| ഫസ്ന.കെ.പി | 10000 | 67250242594 |
| ആഷിഫ ഷെറിൻ | 5000 | 0847101047617 |
| നബീസത്തുൽ ഹന്ന | 10000 | 67180785095 |
| ഉസാമ ബിൻ ഉസ്മാൻ | 10000 | 37097748245 |
| ആകെ തുക | 49000 | |

നഗരസഭയിലെ സ്ഥിരതാമസക്കാരല്ലാത്തവർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും സ്കൂൾ അധികൃതരിൽനിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/22.12.2018) മറുപടി ലഭ്യമാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ കുട്ടികൾക്ക് അനുവദിച്ച തുക 69000 തടസപ്പെടുത്തുന്നു

# 3-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം- ഹെഡ്മാസ്റ്റർ, ജി എം യു പി എസ്,മണ്ണാർക്കാട്

1)എസ് എസ് എ ഷെയർ -

പ്രൊജക്ട് നം.5/18 പ്രകാരം വികസനഫണ്ടിൽനിന്ന് ട്രഷറി ബിൽനം. 1/25.7.2017 പ്രകാരം 1000000 രൂപ പിൻവലിച്ച് എസ് എസ് എ ജില്ലാ പ്രോഗ്രാം ഓഫീസർ പാലക്കാടിന് നൽകിയിട്ടുണ്ട്. തുക മണ്ണാർക്കാട് നഗരസഭാപരിധിയിലുള്ള സ്കൂളുകൾക്കായി വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2)തുല്യതാ പരീക്ഷക്ക് ധനസഹായം നൽകൽ-

സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പത്താംതരം, പ്ലസ് ടു തുല്യതാപരീക്ഷക്കുള്ള 69 പേരുടെ കോഴ്സ് ഫീയിനത്തിൽ പ്രൊജക്റ്റ് നം. 33/18 പ്രകാരം തനത് ഫണ്ടിൽനിന്ന് 123150 രൂപ ജില്ലാ സാക്ഷരതാമിഷൻ കോർഡിനേറ്ററുടെ 70104140000006 എന്ന ട്രഷറി അക്കൗണ്ടിലേക്ക് 28.3.2018 തീയതിയിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

# 3-13 ലൈഫ് പദ്ധതി പൂർത്തീകരണം-ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

പ്രൊജക്റ്റ് നം. 339/18(എസ് സി), 340/18 ജനറൽ എന്നീ വിഭാഗങ്ങളിലായി പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി 2017-18 വർഷത്തിൽ ലൈഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഈ പദ്ധതികൾക്കായി യഥാക്രമം 1189000/- , 785200/- എന്നിങ്ങനെ വികസനഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ട്രഷറിയിൽനിന്ന് പിൻവലിച്ച തുകകളുടെ വിശദാംശം താഴെചേർക്കുന്നു

| പ്രൊജക്റ്റ് 339/18 ബിൽ | തുക | 340/18 -ബിൽ നം. | തുക |
|---|---|---|---|
| 4/8.2.2018 | 325000 | 5/8.2.2018 | 205000 |
| 10/28.2.208 | 270000 | 9/28.2.2018 | 245000 |
| 15/17.3.2018 | 470000 | 14/17.3.2018 | 225000 |
| 21/28.3.2018 | 124000 | 21/28.3.2018 | 110200 |
| ആകെ | 1189000 | | 785200 |

ലൈഫ് പദ്ധതി നടപ്പിലാക്കിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റുവാൻ ബാക്കി |
|---|---|
| മാലതി പാലക്കാവിൽ | 214800 |
| തുളസി,നെച്ചുള്ളിപ്പടി | 135000 |
| പ്രമീള നെച്ചുള്ളിപ്പടി | 285000 |

ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക നൽകുന്നത് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ ഭവന നിർമാണത്തിന്റെ സ്റ്റേജ് വിലയിരുത്തുന്നതിന് പ്രയാസം നേരിടുന്നു. രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തേണ്ടതും ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-14 ഒ ഡി എഫ് പദ്ധതിപ്രകാരമുള്ള കക്കൂസ് നിർമാണപ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ല

പ്രൊജക്ട് നം.25/18

നിർവ്വഹണം-ഹെൽത്ത് ഓഫീസർ

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതി പ്രകാരം ആകെ 108 ഗുണഭോക്താക്കൾക്ക് ആദ്യഗഡു ധനസഹായം നൽകുകയും ആയതിൽ 38 പേർ 2016-17 വർഷത്തിൽ ആദ്യഗഡു ധനസഹായം കൈപ്പറ്റിയെങ്കിലും നിർമാണപ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി സ്പിൽഓവറായി നടപ്പിലാക്കുകയാണുണ്ടായത്. 2017-18 വർഷത്തിൽ ട്രഷറി ബിൽനം.1/10.1.18 പ്രകാരം 70278 രൂപയും തനത് ഫണ്ടിൽനിന്ന് 11322 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്പിൽ ഓവറായി തൻവർഷം നടപ്പിലാക്കിയ പദ്ധതിയനുസരിച്ച് പൂർത്തീകരിക്കുവാൻ അവശേഷിച്ചിരുന്ന 38 പേരിൽ താഴെപ്പറയുന്ന 4 ഗുണഭോക്താക്കളൊഴികെ 34 പേർ കക്കൂസ് നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | അക്കൗണ്ട് നം. | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|---|
| 1 | തങ്കമണി, കൃഷ്ണൻകുട്ടി, കുന്നത്ത് ഹൗസ്, ശിവൻകുന്ന് | 13000 | 67148923401/SBI | 2400 |
| 2 | ശിവദാസൻ വി, പുത്തൻകളം, പുല്ലിശ്ശേരി | 5000 | 4803001700006227 | 10400 |
| 3 | വെളുത്തുണ്ണി, പുത്തൻകലം, പുല്ലിശ്ശേരി | 5000 | 202601051001221 | 10400 |
| 4 | സൗദാമിനി, ചോലയിൽ ഹൗസ്, കാഞ്ഞിരംപാടം | 13000 | 202601051002063 | 2400 |
| | | | | |

ഭാഗികമായി തുക കൈപ്പറ്റിയിട്ടുള്ള മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ കക്കൂസ് നിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 251 പ്രൊജക്ടുകളിൽ 56എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 84 | 167 | 251 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 63 | 73 | 136 |

**ചെലവഴിച്ച തുകയുടെ വിവരം:**

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 4542867 | 2938204 |
| വികസന ഫണ്ട് | 8342308 | 2254426 |

| | | |
|---|---|---|
| (എസ്.സി.പി) | | |
| വികസന ഫണ്ട് (ടി.എസ്.പി) | 740000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7404455 | 5550569 |
| ലോക ബാങ്ക് ധനസഹായം | 3123888 | 2375330 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 |
| തനത് ഫണ്ട് | 21989230 | 9081913 |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 9417199 | 5292538 |
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 6151333 | 3365686 |
| ആകെ | 61711280 | 30858666 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 54% പൂർത്തീകരിച്ചപ്പോൾ അനുവദിച്ച തുകയുടെ 50% മാത്രമാണ് ചെലവഴിക്കാനായത്. പ്രൊജക്ടുകൾക്ക് അംഗീകാരം നേടലും ടെണ്ടർ നടപടിക്രമങ്ങളും പ്രവൃത്തി നിർവ്വഹണവും പൂർത്തീകരണവും സമയ ബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരും മരാമത്ത് പണികളുടെ നടത്തിപ്പിനായി ഉണ്ടാക്കുന്ന കരാർ ഉടമ്പടി ഖണ്ഡിക 28 പ്രകാരം പ്രൊജക്ടിന്റെ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ ഇങ്ങനെ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.16(2)18-12-2018 നു‌ള്ള മറുപടിയിൽ ശ്രദ്ധയിൽപ്പെടാത്തതിനാലാണ് ഉൾപ്പെടുത്താതിരുന്നതെന്നും ഇനിമേൽ ശ്രദ്ധിച്ച് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കരാറുകാരനുമായി കരാറിൽ ഏർപ്പെടുമ്പോൾ പ്രവൃത്തി ആരംഭിക്കേണ്ടതിന്റെയും പൂർത്തീകരിക്കേണ്ടതിന്റെയും തീയതികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം കരാറിന്റെ ഭാഗമല്ലാത്തപ്പോൾ പ്രവൃത്തി പൂർത്തീകരണം വൈകുന്നതിന് കാരണമാകുന്നു. പൂർത്തീകരണം വൈകിയതിൻമേൽ നടപടി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ആയതിനാൽ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായി അനുബന്ധമായി ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-17 കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ ചട്ടം.17ൽ മുനിസിപ്പാലിറ്റി നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17(2)ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:
2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.
3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിന്റേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.
4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.
5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.
6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെ വിവരം.
7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.
8. മുനിസിപ്പാലിറ്റി നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.
9. ഈ പ്രവൃത്തിക്കായി മുൻകൂറായി അനുവദിച്ച തുകയുടെയും മറ്റെന്തെങ്കിലും ആനുകൂല്യത്തിന്റെയും വിവരം.

# 3-18 ആസ്തി രജിസ്റ്റർ കാലികമാക്കണം-

പുതിയ അസ്തികൾക സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ കൃത്യമായ സംരക്ഷണം, പരിപാലനം, ഗുണനിലവാരം ഉയർത്തൽ എന്നിവയ്ക്ക് ഉന്നൽ നൽകിവേണം പദ്ധതികൾ ആവിഷ്കരിക്കാനെന്ന് പദ്ധതി മാർഗരേഖ {സർക്കാർ ഉത്തരവ് നം.(എം.എസ് ) നം.79/2017/തസ്വഭവ, തീയതി: 03.04.2017 } നിഷ്കർഷിക്കുന്നു. കൃത്യമായ ആസ്തി രജിസ്റ്റർ ഉണ്ടെങ്കിൽ മാത്രമാണ് ഇത് സാദ്ധ്യമാവുന്നത്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് അടിയന്തിര പ്രാധാന്യത്തോടെ നിർവ്വഹിക്കേണ്ടതാണ്.

# 3-19 ബാക്കിയായ ബിറ്റുമെൻ ഉപയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതിലേക്കായി ₹.433,977/- തടസപ്പെടുത്തുന്നു.

2017-18ലെ ബിറ്റുമെൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന അളവിൽ ബിറ്റുമെൻ ഉപയോഗിക്കാതെ ബാക്കി നിൽക്കുന്നുണ്ട്.

| ക്രമ നം. | ഇനം | അളവ് (Kg) | അവസാനമായി ബിറ്റുമെൻ അനുവദിച്ച തീയതി | ബിറ്റുമെൻ വില ₹/kg | ആകെ വില |
|---|---|---|---|---|---|
| 1 | VG-30 | 11569.00 | 30.10.2017 | 32.53 | 376,336 |
| 2 | RS-1 | 1333.35 | 30.10.2017 | 35.86 | 47,814 |
| 3 | SS-1 | 121.00 | 30.10.2017 | 64.69 | 7,827 |
| | | | | ആകെ | 431,977 |

2016-17ൽ ആംഗീകാരം ലഭിച്ച ടാറിങ്ങ് പ്രവൃത്തികൾക്ക് ഡിപ്പാർട്ട്മെൻറ് സപ്ലൈ ആയി നൽകാൻ വാങ്ങിയ ബിറ്റുമെൻ ആണിത്. ബിറ്റുമെൻ ഉപയോഗിക്കാതെ ബാക്കിയായതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/19-12-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. 03/10/2017ന് ശേഷം ബിറ്റുമെൻ സ്റ്റോക്ക് വെരിഫൈ ചെയ്യുകയോ സ്റ്റോക്കിന്റെ ചാർജ്ജ് ആർക്കെങ്കിലും കൈമാറുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് സമയത്തെ ഭൗതിക പരിശോധനയിൽ മുനിസിപ്പാലിറ്റിയിൽ ബിറ്റുമെൻ സ്റ്റോക്ക് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാലൻസുള്ള ബിറ്റുമെൻ റോഡ് പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതിലേക്കായി ഇതിന്റെ വില ₹.433,977/- തടസപ്പെടുത്തുന്നു.

# 3-20 തോരാപുരം SC കോളനി റോഡ് ടാറിങ്ങ്, ഐറിഷ് ഡ്രെയിനേജ് - പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കണം.

45/18:തോരാപുരം SC കോളനി റോഡ് ടാറിങ്ങ്, ഐറിഷ് ഡ്രെയിനേജ് എന്ന സ്പിൽ ഓവർ പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കേണ്ട സമയത്ത് പൂർത്തീകരിച്ചിരുന്നില്ല. ബിറ്റുമെൻ കിട്ടുന്നതിലെ കാലതാമസമാണ് പൂർത്തീകരണം വൈകിയതിന്റെ കാരണമായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2017 മെയ് മാസത്തിൽ തന്നെ ബിറ്റുമിൻ ലഭ്യമായിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചത് 11.12.17ന് മാത്രമാണ്. 20 ദിവസങ്ങൾക്കകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/19-12-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പിഴയില്ലാതെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയ നടപടി അംഗീകരിക്കുന്നില്ല. കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ ഒപ്പുവെച്ച കരാറിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പിഴയിനത്തിൽ ₹.15,000/- ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

അടങ്കൽ: രൂ:500000/- [പ്ലാൻ (എസ്.സി.പി)]

ചെലവ്: രൂ:416884/- (ബിൽ നം.56/09.02.18:₹.334414/- & 16-17ലെ ചെലവ്:₹.82470 )

കരാർ നം.79/8.3.17 കരാർ തുക:₹.500,000/- കരാറുകാരൻ: ശ്രീ. ടി.ഷംസുദ്ദീൻ

അളവു പുസ്തകം നം.4 & 5/17-18 ആകെ പ്രവൃത്തി മൂല്യം: രൂ:416884/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7.6.17 പൂർത്തീകരിച്ച തീയതി: 30.12.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 8.6.17 മുതൽ 26.6.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 27.06.17 മുതൽ 26.09.17 വരെ:500000*1% =05000.00

പിഴ: 27.09.17മുതൽ 26.12.17വരെ: 500000*2% =10000.00

ആകെ =15000.00

# 3-21 വടക്കുമണ്ണം ആണ്ടിപ്പാടം റോഡ് അറ്റകുറ്റപ്പണി- കരാർ ഒപ്പുവെക്കാൻ വൈകിയതിനും, പൂർത്തീകരണം വൈകിയതിനും പിഴ ഈടാക്കണം:

പ്രൊജക്ട് നം.70/18:വടക്കുമണ്ണം ആണ്ടിപ്പാടം റോഡ് അറ്റകുറ്റപ്പണി എന്ന സ്പിൽ ഓവർ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കപ്പെട്ട് നിശ്ചിത സമയത്തിനകം കരാർ ഒപ്പുവെച്ചിരുന്നില്ല. കരാർ പ്രകാരം പൂർത്തിയാക്കേണ്ട സമയത്ത് പ്രവൃത്തി പൂർത്തീകിരിച്ചിരുന്നുമില്ല. ഈ രണ്ടു കാര്യങ്ങൾക്കും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

1. 30.12.16ന് നടന്ന ഈ പ്രവൃത്തിയുടെ ടെണ്ടർ 16.01.17ലെ 7ാം നമ്പർ തീരുമാനപ്രകാരം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കരാർ ഒപ്പിട്ടത് 10.03.2017ൽ മാത്രമാണ്. ടെണ്ടർ അംഗീകരിക്കപ്പെട്ടാൽ 14 ദിസവങ്ങൾക്കുള്ളിൽ കരാർ വെക്കണമെന്നും അല്ലാത്ത പക്ഷം കരാർ ഒപ്പിടുമ്പോൾ കരാർ തുകയുടെ 1% കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കണമെന്നുള്ള നിബന്ധന GO(P) No. 13/2012/PWD Dated:01.02.2012 പ്രകാരം നിലവിലുള്ളപ്പോൾ പിഴയീടാക്കാതെ ആണ് കരാർ ഒപ്പുവെച്ചത്. അതിനാൽ എസ്റ്റിമേറ്റ് തുകയായ ₹.400,000/-ന്റെ 1% ആയ ₹.4000/- കരാറുകാരനായ ശ്രീ.ടി.ഷംസുദ്ദീനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.
2. കരാർ പ്രകാരം 10.06.2017ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി 29.12.17നാണ് പൂർത്തീകരിച്ചത്. പൂർത്തീകരണം വൈകിയതിന് കാരണമായി പറഞ്ഞിരിക്കുന്നത് മൺസൂൺ ആണ്. 10.03.17ന് കരാർ ഒപ്പിട്ട ഈ പ്രവൃത്തി ആരംഭിച്ചത് 12.12.17ന് മാത്രമാണ്. 18 ദിവസങ്ങൾക്കകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ 29.04.17മുതൽ മുനിസിപ്പാലിറ്റിയിൽ ലഭ്യമായിരുന്നു. മൺസൂൺ കാരണമായി പറഞ്ഞ് ബിറ്റുമിൻ കിട്ടിയതിന് ശേഷം 8 മാസങ്ങൾ എടുത്തിട്ടാണ് പ്രവൃത്തി പൂർത്തീകരിച്ചത്. മൺസൂൺ സീസൻ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാത്ത സാഹചര്യത്തിൽ പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകിയ നടപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ഈടാക്കേണ്ട പിഴയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

അടങ്കൽ: രൂ:400000/- [റോഡ് മെയിന്റനൻസ് ഫണ്ട്]

ചെലവ്: രൂ:342989/- (ബിൽ നം.57/09.02.18:₹.220369/- & 16-17ലെ ചെലവ്:₹.122620 )

കരാർ നം.83/10.3.17 കരാർ തുക:₹.399979/- കരാറുകാരൻ: ശ്രീ. ടി.ഷംസുദ്ദീൻ

അളവു പുസ്തകം നം.7/17-18 ആകെ പ്രവൃത്തി മൂല്യം: രൂ:370680/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 10.6.17 പൂർത്തീകരിച്ച തീയതി: 29.12.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 11.6.17 മുതൽ 28.6.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 29.06.17 മുതൽ 28.09.17 വരെ:399979*1% =4000.00

പിഴ: 29.09.17മുതൽ 28.12.17വരെ: 399979*2% =8000.00

ആകെ =12000.00

₹.12,000/- കരാറുകാരനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-22 പെരിമ്പടാരി ലക്ഷം വീട് കോളനി റോഡ് ടാറിങ്ങ്, റീ ടാറിങ്ങ് - കരാർ ഒപ്പിടുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.

പ്രൊജക്ട് നം.71/18:പെരിമ്പടാരി ലക്ഷം വീട് കോളനി റോഡ് ടാറിങ്ങ്, റീ ടാറിങ്ങ് എന്ന സ്പിൽ ഓവർ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കപ്പെട്ട് നിശ്ചിത സമയത്തിനകം കരാർ ഒപ്പുവെച്ചിരുന്നില്ല. കരാർ പ്രകാരം പൂർത്തിയാക്കേണ്ട സമയത്ത് പ്രവൃത്തി പൂർത്തീകിരിച്ചിരുന്നുമില്ല. ഈ രണ്ടു കാര്യങ്ങൾക്കും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

a) പ്രൊജക്ട് നം.71/18:പെരിമ്പടാരി ലക്ഷം വീട് കോളനി റോഡ് ടാറിങ്ങ്, റീ ടാറിങ്ങ് എന്ന സ്പിൽ ഓവർ പ്രവൃത്തിയുടെ ടെണ്ടർ തീരുമാനം നം.7/16.01.17 പ്രകാരം കൗൺസിൽ അംഗീകരിച്ചിരുന്നെങ്കിലും 04.03.17ന് മാത്രമാണ് കരാർ ഒപ്പുവെച്ചത്. ടെണ്ടർ അംഗീകരിക്കപ്പെട്ടാൽ 14 ദിസവങ്ങൾക്കുള്ളിൽ കരാർ വെക്കണമെന്നും അല്ലാത്ത പക്ഷം കരാർ ഒപ്പിടുമ്പോൾ കരാർ തുകയുടെ 1% കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കണമെന്നുള്ള നിബന്ധന GO(P) No. 13/2012/PWD Dated:01.02.2012 പ്രകാരം നിലവിലുള്ളപ്പോൾ പിഴയീടാക്കാതെ ആണ് കരാർ ഒപ്പുവെച്ചത്. അതിനാൽ എസ്റ്റിമേറ്റ് തുകയായ ₹.250,000/-ന്റെ 1% ആയ ₹.2500/- കരാറുകാരനായ ശ്രീ.ടി.അബ്ദുല്ലയിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

b) കരാർ പ്രകാരം 4.06.2017ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി 28.12.17നാണ് പൂർത്തീകരിച്ചത്. പൂർത്തീകരണം വൈകിയതിന് കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 4.3.17ന് കരാർ ഒപ്പിട്ട ഈ പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ 29.04.17മുതൽ മുനിസിപ്പാലിറ്റിയിൽ ലഭ്യമായിരുന്നു. എന്നിട്ടും പ്രവൃത്തി ഡിസമ്പറിൽ മാത്രമാണ് ആരംഭിച്ചത്. കരാർ പ്രകാരം 4.3.17ന് തീർക്കേണ്ട ഈ പ്രവൃത്തി 28.12.17നാണ് പൂർത്തീകരിച്ചത്. ഫൈനൽ ബീല്ലിൽ നിന്നും പിഴ ഈടാക്കാത്ത സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും പിഴയായി ₹ 7500 ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

അടങ്കൽ: രൂ:250,000/- [റോഡ് മെയിന്റനൻസ് ഫണ്ട്]

ചെലവ്: രൂ:230,062/- (ബിൽ നം.59/09.02.18:₹.170,167/- & 16-17ലെ ചെലവ്:₹.59895)

കരാർ നം.76(A)/10.3.17 കരാർ തുക:₹.250,000/- കരാറുകാരൻ: ശ്രീ. ടി.അബ്ദുള്ള

അളവു പുസ്തകം നം.76/17-18 ആകെ പ്രവൃത്തി മൂല്യം: രൂ:243848/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 3.6.17 പൂർത്തീകരിച്ച തീയതി: 28.12.17

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 4.6.17 മുതൽ 22.6.17വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 23.06.17 മുതൽ 22.09.17 വരെ:250,000*1% =2500.00

പിഴ: 23.09.17മുതൽ 24.12.17വരെ: 250,000*2% =5000.00

ആകെ =7500.00

₹.7500/- കരാറുകാരനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-23 അസിസ്റ്റന്റ് എഞ്ചിനീയർ ഫയലുകൾ ഹജരാക്കിയില്ല- തുക തടസത്തിൽ വെക്കുന്നു:

2017-18 വർഷം മാറിയ 32 മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും 2017-18 വർഷത്തെ ക്യാഷ് ബുക്കും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ (നം.28/22-12-2018) തുടർന്ന് 6 ഫയലുകൾ ഓഡിറ്റിന് നൽകുകയുണ്ടായി. താഴെ പറയുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകളുടെ പ്രവൃത്തി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക ₹.42,26,382/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് തുക (₹) | ഫണ്ടിനം | ബിൽ നം. |
|---|---|---|---|---|
| 1 | 44/18 (SO) | 92,724 | PI(SCP) | 8/30.06.17 |
| 2 | 343/18 | 70,000 | PI(GI) | 98/28.03.18 |
| 3 | 54/18 (SO) | 92,010 | MG(R) | 27/27.10.17 |
| 4 | 57/18 (SO) | 249,709 | MG(R) | 31/27.10.17 |
| 5 | 59/18 (SO) | 100,000 | MG(R) | 26/27.10.17 |
| 6 | 60/18 (SO) | 132,801 | FC Award | 01/30.06.17 |
| 7 | 61/18 (SO) | 250,000 | MG (R) | 12/30.06.17 |
| 8 | 62/18 (SO) | 83,436 | FC Award | 15/31.07.17 |
| 9 | 65/18 (SO) | 125,026 | MG(R) | 22/22.08.17 |
| 10 | 66/18 (SO) | 48,625 | MG(R) | 05/30.06.17 |
| 11 | 68/18 (SO) | 100,000 | MG(R) | 78/21.03.18 |
| 12 | 69/18 (SO) | 138,329 | MG(R) | 21/22.08.17 |
| 13 | 73/18(SO) | 95,617 | MG(NR) | 10/30.06.17 |
| 14 | 75/19(SO) | 50,000 | MG(NR) | 07/30.06.17 |
| 15 | 80/18(SO) | 113,568 | MG(NR) | 16/31.07.17 |
| 16 | 82/18 (SO) | 171,443 | MG(NR) | 06/30.06.17 |
| 17 | 85/18 (SO) | 453,690 | MG(NR) | 30/27.10.17 |
| 18 | 89/18 (SO) | 200,000 | PI (SCP) | 03/30.06.17 |
| 19 | 92/18 (SO) | 50,000 | PI (SCP) | 04/30.06.17 |
| 20 | 98/18 (SO) | 150,000 | PI (SCP) | 24/22.08.17 |
| 21 | 109/18 (SO) | 74,404 | PI (GI) | 65/14.02.18 |

| | | | | |
|---|---|---|---|---|
| 22 | 114/18 (SO) | 125,000 | MG(R) | 23/22.08.17 |
| 23 | 184/18 | 300,000 | MG(R) | 32/27.10.17 |
| 24 | 251/18 | 60,000<br>89,870 | FC Award<br>Own Fund | 81/21.03.18 |
| 25 | 332/18 | 600,000 | FC Award | 99/28.03.18 |
| ആകെ | | 4016252 | | |

# 3-24 ഖരമാലിന്യ സംസ്കരണം - അവലോകനം:

<u>ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം</u>

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. മണ്ണാർക്കാട് നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം</u>

മണ്ണാർക്കാട് നഗരസഭയിൽ നിലവിൽ മാലിന്യ സംസ്കരണത്തിനായി 2017-18 വർഷം ആവിഷ്കരിച്ച പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 21/18:അജൈവ മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ (സ്പിൽ ഓവർ) | 700,000 | PI (GI) | 0 |
| 2 | 125/18: ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥപിക്കുന്നതിന് സ്ഥലം വാങ്ങൽ | 679,000 | PI (GI) | 0 |
| 3 | 127/18: ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥപിക്കലും അനുബന്ധചെലവുകളും | 1,250,000<br>400,000 | PI (GI)<br>Own Fund | 519,372<br>0 |
| 4 | 129/18: ഖരമാലിന്യ സംസ്കരണം | 650,000 | Own Fund | 0 |
| | **ആകെ** | **3279000** | | **519372** |

ജൈവ മാലിന്യ സംസ്കരണത്തിനും അജൈവ മാലിന്യ സംസ്കരണത്തിനും സ്ഥലം വാങ്ങുന്നതിനും ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനും മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. 2017-18 വർഷം ഖരമാലിന്യ സംസ്കരണം നടത്തുന്നതിനായി 4 പ്രൊജക്ടുകൾക്കായി **₹.3279000/- നീക്കിവെച്ചിട്ടുണ്ടെങ്കിലും ₹.519372/- ചെലവഴിച്ച്** ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വാങ്ങിയതല്ലാതെ മറ്റൊന്നും നടപ്പാക്കാൻ ആയില്ല.

**2.മാലിന്യ സംസ്കരണത്തിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല. ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.**

പ്രോജക്റ്റ് നം. SO 127/18 – ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിക്കലും അനുബന്ധ ചെലവുകളും എന്ന പ്രോജക്റ്റിന് ട്രഷറി ബിൽ നം. 23/17-18/ 22-2-2018 പ്രകാരം 519372 രൂ. ചെലവഴിച്ചിട്ടുണ്ട്. ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഷ്രെഡ്ഡിങ്ങ് യൂണിറ്റിന്റെ വില ------- 453772

ഇൻസ്റ്റലേഷൻ ചാർജ് --------24600

സൂപ്പർവിഷൻ ചാർജ് ---------41000

ആകെ ------519372രൂ.

ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങുകയല്ലാതെ മറ്റ് അനുബന്ധ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. ടി മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഇതുവരെ വാങ്ങിയിട്ടില്ല. ആയത് സ്ഥാപിക്കുന്നതിന് താത്കാലികമായിട്ടുപോലും കെട്ടിടം ഇതുവരെ കണ്ടെത്തിയിട്ടില്ല. ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഷ്രെഡ്ഡിങ്ങ് മെഷീൻ ഉപയോഗശൂന്യമായി മുനിസിപ്പാലിറ്റിയുടെ വാഹനഷെഡ്ഡിൽ കിടക്കുന്നതായി ബോധ്യപ്പെട്ടു.

ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തിൽ നിന്നാണ് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനവുമായി 3-2-2018ൽ നം. 4/17-18പ്രകാരം നഗരസഭ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ടി എഗ്രിമെന്റ് പ്രകാരം ഇൻവോയ്സ് തീയ്യതി മുതൽ 1 വർഷം വരെയാണ് ഷ്രെഡ്ഡിങ്ങ് മെഷീന് വാറണ്ടിയുള്ളത്. ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഇൻവോയ്സ് തീയ്യതി 15/12/2017ആണ്. ആയതിനാൽ 14/12/2018 ൻ വാറണ്ടി കാലവധി അവസാനിച്ചു. എന്നാൽ ഇതുവരെയും സ്ഥലം വാങ്ങുകയോ മെഷീൻ ഇൻസ്റ്റാൾ ചെയ്യുകയോ ചെയ്തിട്ടില്ല.

ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം ഷ്രെഡ്ഡിങ്ങ് മെഷീന്റെ വിലയുടെ ഒപ്പം ഇൻസ്റ്റലേഷൻ ചാർജ്ജും (24600രൂ),

സൂപ്പർവിഷൻ ചാർജ്ജും ( 41,000രൂ.) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെഷീൻ സ്ഥാപിച്ചതിന് ശേഷം നൽകേണ്ട ഇത്തരം തുകകൾ മുൻകൂറായി നൽകുന്നത് ക്രമപ്രകാരമല്ല. പ്രത്യേകിച്ചും അവരുടെ വാറണ്ടി കാലാവധി പോലും അവസാനിച്ച സാഹചര്യത്തിൽ ഇത്തരം ചാർജ്ജുകൾ മുൻകൂറായി അനുവദിച്ചത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/22-12-2018ന് ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് തദ്ദേശവാസികളുടെ എതിർപ്പ് കാരണം ആയത് സ്ഥാപിക്കാൻ സാധിച്ചില്ല എന്നും ആയതിനുള്ള സ്ഥലം അന്വേഷിക്കയാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

മേൽസൂചിപ്പിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുക 519372രൂ. തടസ്സപ്പെടുത്തുന്നു.

3. <u>മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല:</u>

**മാലിന്യ സംസ്കരണത്തിനായി ജിവനക്കാരെ നിയോഗിക്കുകയോ വാഹനം വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. നിലവിൽ നഗരത്തിലെ വ്യാപാരികൾ സ്വന്തം നിലക്ക് സ്വകാര്യ ഏജൻസികളെ മാനിന്യ നിർമ്മാർജ്ജനത്തിനായി ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. നഗരസഭയിലെ ആരോഗ്യ വിഭാഗം പ്രത്യേക താൽപ്പര്യമെടുത്ത് മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.**

**4. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ**

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മുനിസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോനയിൽ ബോധ്യപ്പെട്ടു.

**5. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം**

**എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം**

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കാനായിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

ബി. ഹരിത കേരള മിഷൻ

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി **ഹരിതകേരള മിഷൻ** പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം, ആരോഗ്യ വിഭാഗം എന്നിവർക്ക് പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ട്. **ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ** എന്നിവയുടെ സാങ്കേതിക സഹായം നഗരസഭയ്ക്ക് തേടാവുന്നതാണ്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

6. മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അത്തരത്തിലുള്ള പരിശോധനയും നടപടികളും ഫലപ്രദമല്ല.

ബി. വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

7. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

**2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ** അനുസരിച്ച് പുറപ്പെടുവിച്ച **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ** പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

മണ്ണാർക്കാട് നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങളുടെ പാലനം വിലയിരുത്തൽ

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല.<br>പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കി നഗരസഭ ശേഖരിക്കുന്നില്ല. |
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

<u>ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ</u>

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഇക്കാര്യത്തിനായ വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്റ്റുകളും നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

<u>9. ഖരമാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016</u>

**എസ്.ഒ.1357(ഇ) : പ്രാബല്യം 8-4-2016 മുതൽ**

പരിസ്ഥിതി(സംരക്ഷണ)നിയമം, 1986 ലെ 3, 6, 25 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് നടപ്പാക്കിയ ചട്ടങ്ങൾ. മുനിസിപ്പൽ ഖരമാലിന്യ(നിയന്ത്രണവും പരിപാലനവും)ചട്ടങ്ങൾ, 2005 അതിലംഘിച്ചാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചട്ടങ്ങൾ ബാധകമാണ്.

ചട്ടം 4 പ്രകാരം മാലിന്യ ഉത്പാദകർ മാലിന്യങ്ങൾ ജീർണ്ണിക്കുന്നവ (Bio degradable), ജീർണ്ണിക്കാത്തവ(Non bio degradable), വീടുകളിൽ നിന്നുള്ള അപായകരമായ മാലിന്യങ്ങൾ(Residential hazardous wastes) എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രത്യേക ബിന്നുകളിലായി ശേഖരിക്കേണ്ടതും കൈമാറേണ്ടതുമാണ്.

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള ഫീസ് ഒടുക്കുവാൻ മാലിന്യ ഉത്പാദകർ ബാധ്യസ്ഥരാണ്.

ചട്ടം 15 പ്രകാരം ഓരോ വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം നടത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മാലിന്യശേഖരണത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കേണ്ടതാണ്. ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്.

**10. ഇ-മാലിന്യ (നിയന്ത്രണ)ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 338(ഇ). 1-10-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ചു കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

**11. ബയോ മെഡിക്കൽ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 343(ഇ). 28-3-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 6, 9(3) പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 7 പ്രകാരമുള്ള ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതാണ്. പട്ടികയിലെ ക്രമ നം. 5 പ്രകാരം സംസ്ഥാന സർക്കാരും ക്രമ നം. 6 പ്രകാരം സംസ്ഥാന മലിനീകരണ ബോർഡും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

**12. കൺസ്ട്രക്ഷൻ ആൻറ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 317(ഇ). 29-3-2016 മുതൽ പ്രാബല്യം.**

നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

**13. മോണിറ്ററിംഗ് സംവിധാനം**

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ പ്രൊജക്റ്റുകളുടെ ആവശ്യകത വിലയിരുത്തി ആയത് നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടാവണം. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതുമാണെന്ന് വിലയിരുത്തുന്നു.

**14. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

15. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

16. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായ നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. **മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ, ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**

# 3-25 ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കുന്നതിന് വേണ്ടി സെക്രട്ടറി മുഖേന 11.04.17ന് ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ പെട്രോളിയം കോർപ്പറേഷനിൽ നിന്നും തിരികെ ലഭിക്കാനുള്ള രൂപ തിരികെ ഈടാക്കണം.

ഓരോ പ്രവൃത്തികൾക്കും ആവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ആവശ്യമായ തുക ആ പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിൽ നിന്നും പിൻവലിക്കുകയും ഈ തുക സെക്രട്ടറിയെ ഏൽപ്പിക്കുകയുമാണുണ്ടായത്. സെക്രട്ടറി പെട്രോളിയം കമ്പനികൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആവശ്യപ്പെട്ട ബിറ്റുമിന്റെ അളവ് | കമ്പനിയുടെ പേര് | ചെക്ക് നം. | തുക (രൂ) |
|---|---|---|---|---|
| 1 | RS1-13ബാരൽ<br>SS1-2ബാരൽ | ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ് | 1844593/11.04.17 | 1,19,620 |
| 2 | VG-30(S65) 215ബാരൽ | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 1844594/11.04.17 | 12,03,647 |

കമ്പനികളിൽ നിന്നും ബിറ്റുമിൻ ലഭ്യമായതിന്റെ വിവരം:

| 1. ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക (₹) |
| 1 | 4873/29.04.17 | 2 ബാരൽ SS1 | 23,548 |
| 2 | 4874/29.04.17 | 13 ബാരൽ RS1 | 93,234 |
| ആകെ | | | 116782 |

ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:2,838/- (119620-116782).

| 2. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക |
| 1 | 17001264/6.5.17 | 60 ബാരൽ VG-30 | 315798.05 |
| 2 | 17001403/8.5.17 | 60 ബാരൽ VG-30 | 315798.05 |
| 3 | 17001404/8.5.17 | 35 ബാരൽ VG-30 | 315798.05 |
| 4 | 17001405/8.5.17 | 60 ബാരൽ VG-30 | 184215.53 |
| ആകെ | | 250 ബാരൽ VG-30 | 1131609.68 |

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:72037/-

(12,03,647 -11,31,609.68) ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 1,3,4,5,17,22 എന്നീ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 312711610117168 /31.3.2018 | 230000 | 0 | 230000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് വിവിധ വാർഡുകളിൽസ്ട്രീറ്റ് മെയിൻ വലിക്കൽ | | 312711610117030 /27.9.2017 | 1695000 | 0 | 1695000 |
| | | 312711610117031 /27.9.2017 | 169230 | 0 | 169230 |
| കേരള ജല അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ(228/18) | 312711610117169 /31.3.2018 | 1147500 | 0 | 1147500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-5 | 2007-08 | 5-1 | ഗുണഭോക്തൃ ലിസ്റ്റ് | നിയമസഭാ സമിതി19.7.18 ന് വിഷയം പരിഗണിച്ച് പരിഹാര നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തിമ തീരുമാനം ആയിട്ടില്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ വരവില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ വരവില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 160637353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 131258146 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 9123542 |

**(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14400 | ശ്രീ. പ്രദീഷ് ജോയ്, സെക്രട്ടറി |
| 3-20 | | 15000(ഫൈൻ) | ദീപ.ടി.ആർ, മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-21(1) | | 4000 (ഫൈൻ) | ശ്രീ.ടോമി.ടി.പി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-21(2) | | 12000 (ഫൈൻ) | ദീപ.ടി.ആർ. മുനിസിപ്പൽ എഞ്ചിനീയർ |
| 3-22(1) | | 2500 (ഫൈൻ) | ശ്രീ.ടോമി.ടി.പി, മുനിസിപ്പൽഎഞ്ചിനീയർ |
| 3-22(2) | | 7500 (ഫൈൻ) | ദീപ.ടി.ആർ, മുനിസിപ്പൽ എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1433183 | ശ്രീ. പ്രദീഷ് ജോയ്, സെക്രട്ടറി |
| 3-4 | 768471 | ശ്രീ. പ്രദീഷ് ജോയ്, സെക്രട്ടറി |
| 3-7 | 513153 | ഡോ.പമേല, മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ |
| 3-8 | 547134 | ഡോ.പമേല,മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ |
| 3-10 | 825000 | ഡോ.പമേല,മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ |
| 3-11 | 69000 | ശ്രീ. മുഹമ്മദാലി,ഹെഡ്മാസ്റ്റർ<br>ജി.എം.യു.പി.എസ്, മണ്ണാർക്കാട് |
| 3-19 | 431977 | ശ്രീ.ടോമി.ടി.പി,<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-23 | 4016252 | ₹ 2973353.00-ശ്രീ.ടോമി.ടി.പി, മുനിസിപ്പൽ എഞ്ചിനീയർ<br>₹ 1042899.00- ശ്രീമതി.ദീപ.ടി.ആർ മുനിസിപ്പൽ എഞ്ചിനീയർ |
| 3-24(2) | 519372 | ശ്രീ. പ്രദീഷ് ജോയ്, സെക്രട്ടറി |
| ആകെ | 9123542 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീഷ് ജോയ്, സെക്രട്ടറി | സൂപ്രണ്ട്, പെരുമ്പാവൂർ നഗരസഭ | തേക്കാനം വീട്<br>വേങ്ങൂർ. പി.ഒ |

| | | |
|---|---|---|
| | | പെരുമ്പാവൂർ<br>എറണാകുളം ജില്ല |
| ശ്രീ.ടോമി.ടി.പി,<br>മുനിസിപ്പൽ<br>എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മൂവാറ്റുപുഴ<br>മുനിസിപ്പാലിറ്റി | തുടിയൻ പറമ്പിൽ<br>ഹൗസ്,മൂലക്കുളം<br>നോർത്ത്.പി.ഒ.,<br>പിറവം (വഴി),<br>എറണാകുളം-<br>686664 |
| ശ്രീമതി.ദീപ.ടി.ആർ<br>മുനിസിപ്പൽ<br>എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(LSGD),<br>ബ്ലോക്ക് പഞ്ചായത്ത് സബ്ഡിവിഷൻ,<br>കാഞ്ഞിരപ്പള്ളി | ചിറക്കൽ വീട്<br>മണക്കാട് (പി.ഒ)<br>തൊടുപുഴ |
| ഡോ.പമീലി<br>മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ<br>മണ്ണാർക്കാട് | നാരായണ<br>നിവാസ്<br>കോഴിക്കോട്<br>റോഡ്<br>പെരിന്തൽമണ്ണ |
| ശ്രീ. മുഹമ്മദാലി<br>ഹെഡ്മാസ്റ്റർ | വിരമിച്ചു | കുന്നക്കാലൻ വീട്<br>ചങ്ങലീരി(പി.ഒ)<br>മണ്ണാർക്കാട് |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | - | ഒന്നുമില്ല |
| 1997-98 | എൽ.എഫ്. പി.9/1055/02/17-1-2003 | ഒന്നുമില്ല |
| 1998-1999 | എൽ.എഫ്. പി.9/1216/03/04-12-2003 | 7 |
| 1999-2000 | എൽ.എഫ്. പി.9/244/04/24-4-2007 | 38 |
| 2000-2001 | എൽ.എഫ്. പി.9/1606/13/17-12-2014 | 27 |
| 2001-2002 | എൽ.എഫ്. പി.9/1408/13/1-1-2015 | 19 |
| 2002-2003 | എൽ.എഫ്. പി.9/1250/06/10-9-2007 | 9 |
| 2003-2004 | എൽ.എഫ്. പി.9/1185/13/6-5-2014 | 13 |
| 2004-2005 | എൽ.എഫ്. പി.9/1184/13/5-8-2014 | 10 |
| 2005-2006 | എൽ.എഫ്. പി.9/1183/13/6-8-2014 | 9 |
| 2006-2007 | എൽ.എഫ്. പി.9/276/11/28-2-2011 | 15 |
| 2007-2008 | എൽ.എഫ്. പി.9/1181/13/28-11-2014 | 17 |
| 2008-2009,<br>2009-2010<br>2010-2011 | എൽ.എഫ്. പി.9/1055/02/17-1-2003 | 40 |
| 2011-2012 | എൽ.എഫ്. പി.9/1102/14/7-5-2015 | 18 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി9/743/15 /10-08-2015 | 12 |
| 2013-14 &<br>2014-15 | കെ.എസ്.എ-പി.കെ.ഡി9/1406/15 / 10-02-2016 | 41 |
| 2015-16 | 1.നം.കെ.എസ്.എ-പി.കെ.ഡി22-106/17<br>2. നം.കെ.എസ്.എ-പി.കെ.ഡി-22-107/17 (11/15 മുതൽ -3/16 വരെ) | |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി22-1991/17/3.11.2017 | 31 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പികെഡി.22-168എ/2019 തിയതി:06-04-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മണ്ണാർക്കാട് നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**അപാകതകൾ**

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) മുൻവർഷത്തെ വസ്തു നികുതി കുടിശ്ശിക തുക തൻവർഷത്തെ (2017-18) അരിയർ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

2) തൊഴിൽ നികുതി (വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും), ലേലം എന്നീ ഇനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) വസ്തു നികുതി ഡിമാന്റിൽ കൃത്യതയില്ല.

4) കെട്ടിട വാടക, ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8) 2017-18 വർഷത്തിൽ ലഭ്യമായ താഴെ പറയുന്ന ഫണ്ടുകളുടെ വരവ് വാർഷിക ധനകാര്യ പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| Sl No | Name of fund | As per AFS | As per ACR | Difference |
|---|---|---|---|---|
| 1 | Development Fund Gen | 29105027 | 29828060 | 723033 |
| 2 | SCP | 5952225 | 5956575 | 4350 |
| 3 | MG Non Road | 3365686 | 3412752 | 47066 |
| 4 | General Purpose Fund | 19068000 | 19629446 | 561446 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2 പത്രികകൾ

| BALANCE SHEET<br>For the period from 01-April-2017 to 1-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat /Municipal Fund | B-1 | 33360189.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1409918.00 |
| 312000000 | Reserves | B-3 | 63895784.00 |
| | Total Reserve & Surplus | | 98665891.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9339428.00 |
| | Total Grants, Contributions for Specific Purposes | | 9339428.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 410675.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 14081087.00 |
| | Total Current Liabilities and Provisions | | 14491762.00 |
| | **TOTAL LIABILITIES** | | **122497081.00** |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 95896330.00 |
| 411000000 | Accumulated Depreciation | B-11 | -32456652.00 |
| 412000000 | Capital Work in Progress | B-11 | 0.0 |
| | Total Fixed Assets | | 63439678.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 55474.00 |
| 431000000 | Sundry Debtors (Receivables) | B-15 | 29362407 .00 |
| 450000000 | Cash and Bank Balance | B-17 | 29379207 .00 |
| 460000000 | Loand, Advances and Deposits | B-18 | 260315.00 |
| | Total Current Assets, Loans and Advances | | 59057403.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| **TOTAL ASSETS** | **122497081.00** | | |

| Mannarkkad Municipality<br>INCOME & EXPENDITURE STATEMENT<br>For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 16911063.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 800.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat /Municipal Properties | I-3 | 1269624.00 |
| 140000000 | Fee & User Charges | I-4(b) | 3066795.00 |
| 150000000 | Sale & Hire Charges | I-5(b) | 356121.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 129793984.00 |
| 170000000 | Income from Investments | I-7 | 2100.00 |
| 171000000 | Interest Earned | I-8 | 281054.00 |
| 180000000 | Other Income | I-9 | 174035.00 |
| | Total Income | | 151855576.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-lO(b) | 13542795.00 |
| 220000000 | Administrative Expenses | I-1 l(b) | 6969918.00 |
| 230000000 | Operations & Maintenance | I-12(b) | 6258170.00 |
| 240000000 | Interest & Finance Charges | I-13 | 30.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 45882788.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 49783093.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 10287666.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 756728.00 |
| 272000000 | Depreciation | I-l 7(a) | 8937286.00 |
| | Total Expenditure | | 142418474.00 |
| | Gross Surplus/ Deficit of income over Expenditure | | 9437102.00 |
| 280000000 | Prior Period Item | I-18 | -7513253.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 16950355.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Mannarkkad Municipality
RECEIPT & PAYMENT
STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 12203141.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 5087521.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 300.00 |
| 140000000 | Fees & User Charges | RP-4 | 1714035.00 |
| 150000000 | Sale & Hire Charges | RP-5 | 356121.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 73781056.00 |
| 170000000 | Income from Investments | RP-7 | 2100.00 |
| 171000000 | Interest Earned | RP-8 | 382585.00 |
| 180000000 | Other Income | RP-9 | 473.00 |

| | | | |
|---|---|---|---|
| 341000000 | Deposit Works | RP-28 | 1244382.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 11780285.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 1555017.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 33592441.00 |
| 340000000 | Deposits Received | RP-27 | 162964.00 |
| 350000000 | Other Liabilities | RP-29 | 18735932.00 |
| 460000000 | Loans, Advances and Deposits | RP-41 | 39000.00 |
| | **Grand total** | | **160637353.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 6726003.00 |
| 220000000 | Administrative Expenses | RP-11 | 3201375.00 |
| 230000000 | Operations & Maintenance | RP-12 | 5968247.00 |
| 240000000 | Interest & Finance Charges | RP-13 | 30.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 3007788.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 52870634.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 10835458.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 836024.00 |
| 341000000 | Deposit Works | RP-28 | 1244382.00 |
| 350000000 | Other Liabilities | RP-29 | 4455350.00 |
| 430000000 | Stock-in-hand | RP-36 | 118692.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 13223093.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | -45128.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 0.0 |
| 340000000 | Deposits Received | RP-27 | 204595.00 |
| 350000000 | Other Liabilities | RP-29 | 12895322.00 |
| 410000000 | Fixed Assets | RP-31 | 15437396.00 |
| 460000000 | Loans, Advances and Deposits | RP-41 | 278885.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 29379207 .00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **160637353.00** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.